VOL NO: 09
ISSUE 10
2025 MARCH 08
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ റമദാൻ; അവസരങ്ങൾ പാഴാക്കരുത്

# ഇസ്‌ലാമിക ശരീഅത്ത്: അജ്ഞതയും ഹരജിക്കാരുടെ കുടിലതയും




മുസ്‌ലിം പിന്തുടർച്ചാവകാശ നിയമം ബാധകമാക്കരുതെന്നാവശ്യപ്പെട്ട് ഒരു മലയാളി 'എക്സ് മുസ്‌ലിം' വനിത ഫയൽ ചെയ്ത ഹരജിയിൽ സുപ്രീം കോടതി കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും നോട്ടീസ് അയച്ചിരിക്കുകയാണ്. ഇതര നിയമ വ്യവസ്ഥകൾക്കതീതമായി സ്രഷ്ടാവിന്റെ നിയമ നിർദേശങ്ങളാണ് ശരീഅത്തിന്റെ അടിസ്ഥാനം എന്നിരിക്കെ ഭരണഘടന നൽകിയ അവകാശത്തെ ഹനിക്കുന്ന ഏതൊരു ഇടപെടലും ധ്രുവീകരണത്തിനേ വഴിവയ്ക്കൂ.

**പ്രാർഥനയും കൈ ഉയർത്തലും**

**സലഫിയ്യത്തും അഭിപ്രായ വ്യത്യാസങ്ങളും**

**ലഹരിയുപയോഗം തടയുന്നതിൽ മാതാപിതാക്കളുടെ പങ്ക്**



വിജ്ഞാന
വെളിച്ചവുമായി
വിവിധ പ്രഭാഷകരുടെ ജുമുഅ ഖുതുബകൾ...
ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ
വിജ്ഞാനം വർധിപ്പിക്കാൻ ലേഖനങ്ങളും എഴുത്തുകളും
മനോഹരമായ ഇസ്ലാമിക ഗാനങ്ങൾ
ദിക്റുകളും പ്രാർത്ഥനകളും വിരൽ തുമ്പിൽ
നന്മയിൽ സമയം ചിലവഴിക്കാൻ നിരവധി പുതുമകൾ
zameel
the soulmate
Audios
Most viewed
More
ഖുതുബകൾ
ഖുർആൻ
റേഡിയോ
നേർവഴി
അമാനി
ദുറൂസ്
കിഡ്സ്
സംശയങ്ങൾ
Home
Audio
Zameel the Soulmate
The Light
Daily Planner
One min talk
Popular Videos
Popular Audios
Video
Document
Adkaar
നിങ്ങളുടെ ഫോണിൽ ലഭിക്കാൻ സ്കാൻ ചെയ്യൂ..!
GET IT ON
Google Play
Available on the
App Store

# 0424 നേർപഥം വാരിക

2025 മാർച്ച് 08
1446 റമദാൻ 07
പുസ്തകം 09 / ലക്കം 10

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**









മുജീബ് ഒട്ടുമ്മൽ

മുസ്‌ലിം പിന്തുടർച്ചാവകാശ നിയമം ബാധകമാക്കരുതെന്നാവശ്യപ്പെട്ട് ഒരു മലയാളി 'എക്സ് മുസ്‌ലിം' വനിത ഫയൽ ചെയ്ത ഹരജിയിൽ സുപ്രീം കോടതി കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും നോട്ടീസ് അയച്ചിരിക്കുകയാണ്. ഇതര നിയമ വ്യവസ്ഥകൾക്കതീതമായി സ്രഷ്ടാവിന്റെ നിയമ നിർദേശങ്ങളാണ് ശരീഅത്തിന്റെ അടിസ്ഥാനം എന്നിരിക്കെ ഭരണഘടന നൽകിയ അവകാശത്തെ ഹനിക്കുന്ന ഏതൊരു ഇടപെടലും ധ്രുവീകരണത്തിനേ വഴിവയ്ക്കൂ.

**05** മുഖമൊഴി
കുട്ടികൾക്കിടയിലെ ലഹരിയുപയോഗം തടയുന്നതിൽ മാതാപിതാക്കളുടെ പങ്ക്

**06** പഠനം
ഭാര്യയോടുള്ള കടമകൾ നിറവേറ്റുന്ന ഭർത്താവ്
അബൂറാഷിദ അൽകാസിമി, കുടയത്തൂർ

**09** കാഴ്ച
റമദാനിലെ ഗ്രീൻ പ്രോട്ടോക്കോൾ; മഹല്ലുകൾക്ക് ഒരു മാർഗരേഖ

**18** കർമപഥം
വാടകക്ക് കൊടുക്കൽ
വിവ. അബ്ദുൽ ജബ്ബാർ മദീനി

**20** ലേഖനം
സലഫിയ്യത്തും അഭിപ്രായ വ്യത്യാസങ്ങളും
ശമീർ മദീനി

**22** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതുസ്സജദ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**24** ജവാബ്
പ്രാർഥനയും കൈ ഉയർത്തലും
ശൈഖ് സുലൈമാൻ റുഹൈലി

**25** കവിത
കാരുണ്യത്തിന്റെ മാസം
ഹുസ്ന മുഹമ്മദലി എൻ.എം.

**26** ലേഖനം
റമദാൻ; അവസരങ്ങൾ പാഴാക്കരുത്
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

**31** ലേഖനം
പ്രാർഥന; പ്രവാചക വചനങ്ങളിൽ
ഡോ. ടി. കെ. യൂസുഫ്

**33** ബാലപഥം
ആയിരം രൂപയുടെ അത്ഭുതം!
ആലിയ ബിൻത് ലത്തീഫ്, വടുതല

**34** പുതുനാമ്പുകൾ
മനസ്സമാധാനത്തിന്റെ വഴി
സഹല ഷെറിൻ, ചെർപ്പുളശ്ശേരി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർഥികളുടെ ധനസഹായം മുടക്കരുത്: വിസ്ഡം സ്റ്റുഡന്റ്സ്

കോഴിക്കോട്: കേരള സർക്കാർ ഗ്രാൻഡ് നൽകുന്ന സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർഥികളുടെ പ്രായപരിധി ഉയർത്തി അവർക്ക് അർഹമായ സാമ്പത്തിക സഹായം ഉറപ്പാക്കണമെന്ന് വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സമിതി സംഘടിപ്പിച്ച 'വിങ്സ് ഓഫ് ഹോപ്പ്' - ഭിന്നശേഷി വിദ്യാർഥി സംഗമം അഭിപ്രായപ്പെട്ടു. 18 വയസ്സിനു മുകളിലുള്ള വിദ്യാർഥികൾക്ക് ഗ്രാൻഡ് നൽകേണ്ടതില്ലെന്ന സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്നും ഭിന്നശേഷി മെഡിക്കൽ സർട്ടിഫിക്കറ്റും യുഡിഐഡി കാർഡും സമയബന്ധിതമായി ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സംഗമം ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ മുഴുവൻ സർക്കാർ-സ്വകാര്യ വിദ്യാലയങ്ങളും സ്ഥാപനങ്ങളും പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കണം. റാമ്പും ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകളും നിർബന്ധമാക്കുന്നതോടൊപ്പം ഒരു വീൽചെയറെങ്കിലും ഓരോ സ്ഥാപനത്തിലും ഉണ്ടാവണമെന്നും സംഗമം ആവശ്യപ്പെട്ടു.

കേരള സ്റ്റുഡന്റ്സ് കോൺഫറൻസിന്റെ ഭാഗമായി സംഘടിപ്പിച്ച സംഗമം വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി ഉദ്ഘാടനം ചെയ്തു. ലിന്റോ ജോസഫ് എം. എൽ.എ മുഖ്യാതിഥിയായിരുന്നു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഷഹബാസ് കെ അബ്ബാസ് അധ്യക്ഷനായിരുന്നു. വിവിധ സെഷനുകളിലായി ജമാൽ ചെറുവാടി, സ്വലാഹുദ്ദീൻ ബിൻ സലീം, അബ്ദുൽ ഗഫൂർ മാസ്റ്റർ, ഷർജാസ് മാസ്റ്റർ, റെജ്മത്ത് ടീച്ചർ, തൗഫീഖ് അസ്‌ലം, സുഹൈൽ പരപ്പനങ്ങാടി, മുബഷിർ ബേപ്പൂർ, ഇർഫാൻ തിരൂരങ്ങാടി, ഇക്ബാൽ ആനക്കയം തുടങ്ങിയവർ സംസാരിച്ചു.

# ഭിന്നശേഷി വിദ്യാർത്ഥി സംഗമം നവ്യാനുഭൂതിയായി

പരിമിതികളെ അതിജയിച്ച് പ്രതീക്ഷകളുടെ പുതുചിറകുകളിലേറി പറക്കുവാൻ ഓരോ ഭിന്നശേഷി വിദ്യാർഥിയെയും പ്രേരിപ്പിക്കാനുതകുന്നതായിരുന്നു 'വിങ്സ് ഓഫ് ഹോപ്പ്' - ഭിന്നശേഷി വിദ്യാർഥി സംഗമം. പച്ച പുതച്ച് കിടക്കുന്ന താഴ്‌വരയിൽ ഉൾച്ചേർക്കലിന്റെയും സമഭാവനയുടെയും മനോഹരമായ പുതിയൊരു അധ്യായം മുജാഹിദ് വിദ്യാർഥി പ്രസ്ഥാനത്തിന് തുന്നിച്ചേർക്കുവാനായി.

ഫ്ളാഷ് ലൈറ്റുകളോ ക്യാമറക്കണ്ണുകളോ സഹതാപ തരംഗങ്ങളോ അല്ല, മറിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് കടന്നുവരുവാനുള്ള മനോഭാവമാണ് തങ്ങൾ പ്രതീക്ഷിക്കുന്നത് എന്ന് ഓരോ വിദ്യാർഥിയും രക്ഷിതാവും പറയാതെ പറയുന്നുണ്ടായിരുന്നു.

ഇതൊരു തുടക്കമാണ്. പ്രയാസമനുഭവിക്കുന്ന, അരികുവൽക്കരിക്കപ്പെടുന്ന, ഒറ്റപ്പെടുത്തലും കുറ്റപ്പെടുത്തലും മാത്രം നേരിടേണ്ടിവരുന്ന ഒരു സമൂഹത്തെ, അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യം വെച്ച് ചേർത്തു നിർത്താനുള്ള ശ്രമങ്ങൾ. അല്ലാഹു സ്വീകരിക്കട്ടെ.



# കുട്ടികൾക്കിടയിലെ ലഹരിയുപയോഗം തടയുന്നതിൽ മാതാപിതാക്കളുടെ പങ്ക്

കൗമാര പ്രായക്കാർക്കിടയിൽ വർധിച്ചുവരുന്ന ലഹരിയുപയോഗം കേരളത്തിൽ ഇന്ന് വലിയ ചർച്ചാവിഷയമാണ്. അത്രമാത്രം അത് വ്യാപകമായിട്ടുണ്ട്. അതിന്റെ അനന്തരഫലമായി അവർക്കിടയിൽ കുറ്റകൃത്യങ്ങളും പെരുകിക്കൊണ്ടിരിക്കുകയാണ്.

അതിക്രൂരമെന്നു വിശേഷിപ്പിച്ചാൽ പോരാ എന്നു തോന്നും വിധമുള്ള അക്രമം ചെയ്യാൻ യാതൊരു അറപ്പും മടിയും മക്കൾക്ക് ഇല്ലാതായിരിക്കുന്നു. ഇതിൽ ലഹരി തന്നെ പ്രധാന വില്ലൻ എന്ന് വിലയിരുത്തപ്പെടുന്നു. ഈ വിഷയത്തിൽ മാതാപിതാക്കൾക്ക് എങ്ങനെയെല്ലാം ഇടപെടാൻ സാധിക്കുമെന്ന് മനസ്സിലാക്കേണ്ടതുണ്ട്.

വലിയൊരു ശതമാനം ലഹരി വസ്തുക്കളും തലച്ചോറിന്റെ പ്രവർത്തനങ്ങളെ സ്വാധീനിക്കുകയും അതുവഴി പെരുമാറ്റത്തിൽ വ്യത്യാസമുണ്ടാക്കുകയും ചെയ്യുന്നു. ലഹരി വസ്തുക്കളുടെ സ്ഥിരമായ ഉപയോഗം അടിമത്തത്തിലേക്ക് നയിക്കുന്നു. കൗമാര കാലഘട്ടത്തിൽ കൂട്ടുകെട്ടുകളിൽ പെട്ട് പുകവലി, മദ്യപാനം, പാൻമസാലയുടെയും കഞ്ചാവിന്റെയും മറ്റും ഉപയോഗം മുതലായവ തുടങ്ങിവയ്ക്കുന്ന കുട്ടികൾ ഏറെയാണ്.

മുതിർന്നവരെ അനുകരിക്കാനുള്ള മനോഭാവം, കൂട്ടുകാരുടെ സമ്മർദം, ലഹരി വസ്തുക്കൾ ടെൻഷൻ കുറയ്ക്കാനും ആത്മവിശ്വാസം നൽകാനും സഹായിക്കുമെന്ന തെറ്റായ ധാരണ, മദ്യാസക്തിയുള്ള മാതാപിതാക്കൾ, ലഹരി വസ്തുക്കളോട് സമൂഹത്തിന്റെ പൊതു കാഴ്ചപ്പാടിലുണ്ടായ മാറ്റം, ലഹരി വസ്തുക്കളുടെ ലഭ്യത, പരസ്യങ്ങളുടെയും സിനിമകളുടെയും സ്വാധീനം മുതലായവ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്നതിന്റെ പ്രധാന കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

വേണ്ടത്ര പരിഗണനയും സ്നേഹവും ലഭിക്കാതിരിക്കൽ, ശിഥിലമായ കുടുംബ ബന്ധങ്ങൾ, ക്ലാസ്സ് മുറികളിൽ വേണ്ടത്ര ശ്രദ്ധയും പ്രോത്സാഹനവും ലഭിക്കാതിരിക്കൽ തുടങ്ങിയവയും ലഹരി ഉപയോഗത്തിലേക്ക് കുട്ടികളെ നയിക്കാം. കൗമാര പ്രായത്തിലുള്ള കുട്ടികളാണ് ഈ ശീലത്തിന് വേഗത്തിൽ അടിമപ്പെടുന്നത്. പൊതുവേ ഉത്കണ്ഠാകുലരും സ്വന്തമായി അഭിപ്രായം പറയാൻ കഴിവില്ലാത്തവരുമായ കുട്ടികൾ കൂട്ടുകാരുടെ പ്രേരണയ്ക്ക് വിധേയരായി ലഹരി വസ്തുക്കൾ ഉപയോഗിച്ചു തുടങ്ങാനുള്ള സാധ്യത വളരെ കൂടുതലാണ്.

ക്ഷീണം, ഉത്സാഹക്കുറവ്, കണ്ണുകളിൽ ചുവപ്പുനിറം, പഠനത്തിൽ പിന്നിലാകൽ, ഇടയ്ക്കിടെ ക്ലാസ്സിൽ പോകാതിരിക്കുക, പെരുമാറ്റത്തിലും വസ്ത്രധാരണത്തിലും മാറ്റം വരുക, തനിച്ചിരിക്കാൻ താൽപര്യം കാണിക്കുക, പെട്ടെന്ന് ദേഷ്യം വരുക, വീട്ടുകാരോട് കലഹിക്കുക തുടങ്ങിയവ ലഹരി ഉപയോഗത്തിന്റെ ലക്ഷണങ്ങളാണ്. അത് മനസ്സിലാക്കിയെടുക്കാൻ രക്ഷിതാക്കൾക്ക് കഴിയണം.

കുട്ടികളുടെ മുന്നിൽവച്ച് മദ്യം, സിഗരറ്റ്, ബീഡി, പാൻമസാല, ഹാൻസ് തുടങ്ങിയവ ഉപയോഗിക്കുന്ന മാതാപിതാക്കൾ കുട്ടികൾക്ക് തെറ്റായ മാതൃകയാണ് കാണിക്കുന്നത്. അവരെ അനുകരിക്കാൻ കുട്ടികൾ ശ്രമിക്കും. അരുതെന്നു പറയാൻ ധാർമികമായ അവകാശം മാതാപിതാക്കൾക്ക് ഇല്ലാതെപോകും.

ശാന്തമായ കുടുംബാന്തരീക്ഷം നിലനിർത്താൻ ശ്രദ്ധിക്കണം. കുട്ടികൾക്കു മുമ്പിൽ വച്ചുള്ള മാതാപിതാക്കളുടെ വഴക്കും അസഭ്യവർഷങ്ങളും ഒഴിവാക്കൽ അനിവാര്യമാണ്. എല്ലാം തുറന്നു പറയാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്ക് നൽകുക. സ്കൂളിലെയും കൂട്ടുകാരുടെയും വിശേഷങ്ങൾ ചോദിച്ചറിയുക. കുട്ടികളുടെ സുഹൃത്തുക്കൾ ആരെല്ലാമാണെന്നും സ്ഥിരമായി പോകുന്ന സ്ഥലങ്ങൾ ഏതെല്ലാമാണെന്നും മനസ്സിലാക്കുക. കുട്ടികളുടെ പെരുമാറ്റത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തുടക്കത്തിൽ തന്നെ തിരിച്ചറിയുക....ഇങ്ങനെ ഒരുപാട് കാര്യങ്ങൾ ശ്രദ്ധിക്കാനുണ്ട്. നമ്മുടെ മക്കളെ നമുക്ക് നഷ്ടപ്പെടാതിരിക്കാനുള്ള ഏറ്റവും വലിയ ഉത്തരവാദിത്തം നമുക്കാണെന്ന് എല്ലാ രക്ഷിതാക്കളും തിരിച്ചറിയേണ്ടതുണ്ട്.




# ഭാര്യയോടുള്ള കടമകൾ നിറവേറ്റുന്ന ഭർത്താവ്

നബി(സ്വ) ഭാര്യ ഖദീജ(റ)യെ അവരുടെ ജീവിതകാലത്തും മരണശേഷവും മറ്റാരെയും പുകഴ്ത്താത്തത്ര പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. അവരുടെ ശ്രേഷ്ഠതകൾ പറയുന്നതിൽ അതിയായ ആഗ്രഹമുള്ള ഭർത്താവുമായിരുന്നു അവിടുന്ന്. മരണശേഷവും ഹൃദയത്തിൽ അവരോടുള്ള ആദരവ് വച്ചുപുലർത്തി.

ആഇശ(റ) പറയുന്നു: “ഖദീജ(റ)യോട് ഈർഷ്യ ഉണ്ടായതുപോലെ നബിയുടെ ഭാര്യമാരിൽ മറ്റാരോടും ഞാൻ ഈർഷ്യ വച്ചുപുലർത്തിയിട്ടില്ല. എന്നാൽ ഞാനവരെ കണ്ടിട്ടേയില്ല. മറിച്ച്, നബി(സ്വ) അവരെ സംബന്ധിച്ച് അധികമായി സംസാരിക്കുമായിരുന്നു. ചിലപ്പോൾ ആടിനെ അറുത്ത് അതിനെ ഭാഗിച്ച് ഖദീജ(റ)യുടെ കൂട്ടുകാരികൾക്ക് കൊടുത്ത് വിടുമായിരുന്നു. ആയതിനാൽ ചിലപ്പോഴൊക്കെ ഞാൻ പറയുമായിരുന്നു; ഖദീജയല്ലാതെ അങ്ങേക്ക് വേറെ ഭാര്യമാരൊന്നും ഇല്ലായെന്ന് തോന്നുന്നുവല്ലോ എന്ന്. അപ്പോൾ നബി(സ്വ) പറയും: ‘അവർ ഇന്നയിന്ന മഹത്ത്വമുള്ളവ

തന്റെ ഭാര്യയോട് സ്നേഹം തുറന്നു പറയൽ തങ്ങളുടെ ഇടയിലുള്ള ബന്ധം ഊഷ്മളമാക്കുന്നതും ജീവിതം വിജയകരമാക്കുന്നതുമാണ്. ഭാര്യയാകട്ടെ തന്റെ ഭർത്താവ് തന്നെ സ്നേഹിക്കുന്നുണ്ട് എന്ന് തുറന്നു പറഞ്ഞു കേൾക്കാൻ കൊതിക്കുന്നവളാണ്. തന്റെ ഭർത്താവിൽനിന്ന് ലഭിക്കാത്ത സ്നേഹവും പരിഗണനയും മറ്റുള്ളവരിൽനിന്ന് ലഭിക്കുമ്പോൾ അവർ വഴിതെറ്റിപ്പോകാൻ സാധ്യതയേറെയാണ്. എങ്ങനെ ഒരു ഉത്തമ ഭർത്താവാകാം എന്ന് നബിജീവിതത്തിൽനിന്നും പഠിക്കാൻ നാം തയ്യാറാകണം.

രാണ്. അവരിൽ നിന്നാണ് എനിക്ക് അധിക മക്കളും ജനിച്ചിട്ടുള്ളത്.''

ആഇശ(റ) പറയുന്നു: ''ഖദീജ(റ)യെ കുറിച്ച് നബി(സ്വ) സംസാരിച്ചാൽ അവരെ പ്രശംസിച്ച് പറയുന്നതിലും അവർക്കായി പാപമോചനം തേടുന്നതിലും വീഴ്ചവരുത്തുമായിരുന്നില്ല'' (ത്വബ്റാനി 16/319).

ഇന്ന് സമൂഹത്തിൽ കാണപ്പെടുന്നതെന്താണ്? ഒരാളുടെ ഭാര്യ മരണപ്പെട്ടാൽ അയാൾ മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കും. രണ്ടാമത്തെ ഭാര്യയെ അയാൾ പ്രശംസിക്കുകയും മരണപ്പെട്ടുപോയവളെ കുറ്റം പറയുകയും ചെയ്യും. ചിലർ ത്വലാക് മുഖേന ബന്ധം വേർപ്പെടുത്തിയിട്ടുണ്ടാവും. പിന്നീട് അവളെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കും. കൂടെ ജീവിക്കുന്ന ഭാര്യയെക്കുറിച്ച് ഒരു നന്മയും പറയാത്ത ചിലരുണ്ട്; അവൾ എത്ര നല്ലവളാണെങ്കിലും ശരി.

ഖദീജ(റ)യെ സ്മരിക്കുന്ന എന്തെങ്കിലും കേൾക്കുകയോ കാണുകയോ ചെയ്താൽ നബി(സ്വ)യുടെ മുഖത്ത് വല്ലാത്ത സന്തോഷം പ്രകടമാകുമായിരുന്നു.

ആഇശ(റ) പറയുന്നു: ''ഖദീജ(റ)യുടെ സഹോദരിയുടെ മകൾ ഹാല നബി(സ്വ)യോട് അനുവാദം ചോദിച്ചു. ഖദീജ(റ)യുടെ ശബ്ദത്തോട് സാദൃശ്യതയുള്ളതിനാൽ ഖദീജ(റ) അനുവാദം ചോദിക്കുന്നത് പോലെ നബി(സ്വ)ക്ക് തോന്നി. ആയതിനാൽ നബി(സ്വ) വളരെ സന്തോഷത്തോടെ കടന്നുവരാൻ പറഞ്ഞു. നബി(സ്വ) പറഞ്ഞു: 'അല്ലാഹുവേ, ഇത് ഹാലയാണല്ലോ.' അപ്പോൾ ഞാൻ (ആഇശ) പറഞ്ഞു: 'പ്രായാധിക്യത്താൽ പല്ലുകൾ കൊഴിഞ്ഞ്, രണ്ട് മോണകൾക്ക് ചുവപ്പു മാത്രം അവശേഷിക്കുന്ന ക്വുറൈശി കിഴവികളിൽ പെട്ട ഒരു കിഴവിയെ അങ്ങ് എന്താ ഇത്ര സ്മരിക്കാൻ! അവർ മരണപ്പെട്ടു. അവരെക്കാൾ ഉത്തമമായതിനെ അല്ലാഹു താങ്കൾക്ക് പകരമായി നൽകിയിട്ടുണ്ട്.' ഇതു കേട്ട നബി(സ്വ)യുടെ മുഖഭാവം മാറി. വഹ്‌യ് ഇറങ്ങുന്ന സന്ദർഭത്തിലല്ലാതെ ആ നിലയിൽ ഞാൻ നബി(സ്വ)യെ കണ്ടിട്ടില്ല. അല്ലെങ്കിൽ മഴപെയ്യാൻ സമയത്തുള്ള കാർമേഘം കണക്കെ. നബി(സ്വ) പറഞ്ഞു: 'അവരെക്കാൾ ഉത്തമമായ ഒരാളെയും അല്ലാഹു എനിക്ക് പകരം നൽകിയിട്ടില്ല. ജനങ്ങളെല്ലാം എന്നെ തള്ളിപ്പറഞ്ഞപ്പോൾ എന്നെ വിശ്വസിച്ചവരാണ്അവർ. ജനങ്ങൾ എന്നെ കളവാക്കിയപ്പോൾ ഞാൻ പറയുന്നത് സത്യമാണെന്ന് വിളിച്ചു പറഞ്ഞവരാണ് അവർ. ജനങ്ങൾ എന്നെ ബഹിഷ്കരിച്ചപ്പോൾ അവരുടെ സമ്പത്തുകൊണ്ട് എന്നെ സാന്ത്വനപ്പെടുത്തിയവരാണ് അവർ. മറ്റു ഭാര്യമാരിൽനിന്നും മക്കളെ ലഭിക്കാതിരുന്നപ്പോൾ അല്ലാഹു എനിക്ക് അവരിലൂടെ സന്താനഭാഗ്യം നൽകി.' ഇത് കേട്ടപ്പോൾ ആഇശ(റ) പറഞ്ഞു: 'താങ്കളെ സത്യവുമായി അയച്ച അല്ലാഹുവാണെ സത്യം! ഇനി ഞാൻ അവരെക്കുറിച്ച് നല്ലതല്ലാതെ പറയുകയില്ല'' (അഹ്മദ്).

ദുനിയാവിൽ നബി(സ്വ) ഖദീജ(റ)യോട് പുലർത്തിയ സ്നേഹത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് അവർ ജീവിച്ചിരുന്ന സന്ദർഭത്തിൽ മറ്റൊരു വിവാഹം ചെയ്യാതിരുന്നു എന്നത്. ആഇശ(റ) പറയുന്നു: ''ഖദീജ(റ) മരിക്കുന്നതുവരെ നബി(സ്വ) മറ്റൊരു വിവാഹം ചെയ്തിട്ടില്ല'' (മുസ്‌ലിം 2436).

ഇതിലൂടെ നബി(സ്വ)യുടെ മനസ്സിൽ അവർക്കുണ്ടായിരുന്ന മഹത്ത്വവും സ്ഥാനവും വായിച്ചെടുക്കാം. അവർ നബി(സ്വ)യെ സാമ്പത്തികമായി സഹായിച്ചു. അവ

രുമായി വിവാഹിതനായ ശേഷം 38 വർഷം നബി(സ്വ) ജീവിച്ചു. ദാമ്പത്യജീവിതത്തിൽ മൂന്നിൽ രണ്ടു ഭാഗവും നബി(സ്വ)യോടൊപ്പം കഴിയാൻ ഭാഗ്യം ലഭിച്ചത് ഖദീജ(റ)ക്കാണ്.

നബി(സ്വ)ക്ക് അവരുമായുള്ള ആത്മാർഥമായ ആത്മബന്ധത്തിന്റെ ഏറ്റവും സുന്ദരമായ അടയാളമാണ് അവരുടെ മരണാനന്തരവും അവരുടെ സുഹൃത്തുക്കളുമായി ബന്ധം നിലനിർത്തിയത്. ആഇശ(റ) പറയുന്നു: "നബി(സ്വ) അവരെക്കുറിച്ച് വളരെയധികം പുകഴ്ത്തിപ്പറയുമായിരുന്നു. ചിലപ്പോൾ ആടിനെ അറുത്ത് കഷ്ണങ്ങളാക്കി ഖദീജ(റ)യുടെ കൂട്ടുകാരികൾക്ക് കൊടുത്തുവിടുമായിരുന്നു" (ബുഖാരി)

അനസ് ഇബ്നു മാലിക്(റ) പറയുന്നു: "നബി(സ്വ)യുടെ അടുക്കൽ എന്തെങ്കിലും കൊണ്ടുവരപ്പെട്ടാൽ പറയുമായിരുന്നു: 'അതിൽനിന്ന് ഇത് ഇന്നയാൾക്ക് കൊടുക്കുക. കാരണം അവർ ഖദീജ(റ)യുടെ കൂട്ടുകാരിയാണ്. ഇത് ഇന്ന സ്ത്രീയുടെ വീട്ടിൽ എത്തിക്കുക, കാരണം അവർ ഖദീജയോട് സ്നേഹമുള്ളവരായിരുന്നു"(ബുഖാരി).

ആഇശ(റ) പറയുന്നു: "ഒരിക്കൽ നബി(സ്വ) എന്റെ അടുക്കലായിരിക്കെ ഒരു കിഴവി നബി(സ്വ) യുടെ അടുക്കലേക്ക് വന്നു. നബി(സ്വ) ചോദിച്ചു: 'ആരാണ് നിങ്ങൾ?' അവർ പറഞ്ഞു: 'ഞാൻ ജസാമത്തുൽ മുസ്നിയ്യയാണ്.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അല്ല; നിങ്ങൾ ഹസ്സാനത്തുൽ മുസ്നിയ്യയാണ്. എന്താണ് നിങ്ങളുടെ വിശേഷം? എന്താണ് നിങ്ങളുടെ അവസ്ഥ? ഇന്ന് നിങ്ങളുടെ സ്ഥിതി എന്താണ്?' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ; എന്റെ മാതാവും പിതാവും അങ്ങേക്ക് അർപ്പണം. അല്ലാഹുവിൽ സത്യം, വളരെ സുഖം.' ശേഷം അവർ പോയപ്പോൾ ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ; അങ്ങ് ആ ഈ വൃദ്ധയോട് ഇത്രത്തോളം ബഹുമാനത്തോടെ ഇടപെടാനുള്ള കാരണമെന്താണ്?' നബി(സ്വ) പറഞ്ഞു: 'ആഇശാ, തീർച്ചയായും അവർ ഖദീജയുടെ കാലത്ത് നമ്മുടെയടുക്കൽ വരുമായിരുന്നു. നന്നായി പെരുമാറുക എന്നത് ഈമാനിന്റെ ഭാഗമാണ്" (ഹാകിം).

വൃദ്ധയായിരുന്നിട്ടും നബി(സ്വ) അവരുടെ പേര് ഹസ്സാന എന്നാക്കി. ജുസാമയുടെ അർഥം കുഴിമടിയനായ വിഡ്ഢി എന്നാണ്. ഹസ്സാന എന്നാൽ അതിസുന്ദരി എന്നാണർഥം. സൗന്ദര്യത്തിന്റെ പാരമ്യതയെ സൂചിപ്പിക്കുന്ന വാക്കാണ് അത്.

നബി(സ്വ)യുടെ ഈ സമീപനം എത്ര സുന്ദരമാണ്, പ്രശംസനീയമാണ്. ഇതിലൂടെ നബിക്ക് ഭാര്യയോടുള്ള സ്നേഹത്തിന്റെ ആഴം അളക്കാൻ കഴിയുന്നതാണ്.

ഭർത്താവിനും മക്കൾക്കും വേണ്ടി കഠിനാധ്വാനം ചെയ്യുന്ന ഒരുപാട് ഭാര്യമാരുണ്ട്; അവരുടെ ഭർത്താക്കന്മാരാകട്ടെ അവരെ വെറുക്കുകയാണ് ചെയ്യുന്നത്. പലർക്കും ഭാര്യമാരോട് സ്നേഹമുള്ളത് തുറന്നു പറയാനും പ്രകടിപ്പിക്കാനും മടിയാണ്.

നബി(സ്വ) പറഞ്ഞു: "നിശ്ചയം, എനിക്ക് അവളുടെ (ആഇശ(റ)യുടെ) സ്നേഹം ആവശ്യമാംവണ്ണം ലഭിച്ചു" (മുസ്ലിം).

ആഇശ(റ)യുടെ സ്നേഹം തനിക്കു ലഭിച്ച ഏറ്റവും വലിയ ശ്രേഷ്ഠതയായി നബി(സ്വ) കണ്ടു" (ശർഹു നവവി). അവരെയല്ലാത്ത ഒരു കന്യകയെയും നബി(സ്വ) വിവാഹം ചെയ്തിട്ടുമില്ല.

ആ സ്നേഹം നബി(സ്വ) മറിച്ചുവെക്കാതെ തുറന്നു പറഞ്ഞിരുന്നു. ഒരിക്കൽ അംറുബ്നു ആസ് (റ) നബി(സ്വ)യോട് ചോദിച്ചു: 'താങ്കൾക്ക് ജനങ്ങളിൽ ഏറ്റവും ഇഷ്ടമുള്ള ആൾ ആരാണ്?' നബി(സ്വ) പറഞ്ഞു: 'ആഇശ.' 'പിന്നെ?' ഞാൻ ചോദിച്ചു. 'പുരുഷന്മാരിൽനിന്ന് അവളുടെ പിതാവ്" (ബുഖാരി, മുസ്ലിം).

തന്റെ ഭാര്യയോട് സ്നേഹം തുറന്നു പറയൽ തങ്ങളുടെ ഇടയിലുള്ള ബന്ധം ഊഷ്മളമാക്കുന്നതും ജീവിതം വിജയകരമാക്കുന്നതുമാണ്. ഭാര്യയാകട്ടെ തന്റെ ഭർത്താവ് തന്നെ സ്നേഹിക്കുന്നുണ്ട് എന്ന് തുറന്നു പറഞ്ഞു കേൾക്കാൻ കൊതിക്കുന്നവളാണ്. തന്റെ ഭർത്താവിൽനിന്ന് ലഭിക്കാത്ത സ്നേഹവും പരിഗണനയും മറ്റുള്ളവരിൽനിന്ന് ലഭിക്കുമ്പോൾ അവർ വഴിതെറ്റിപ്പോകാൻ സാധ്യതയേറെയാണ്. എങ്ങനെ ഒരു ഉത്തമ ഭർത്താവാകാം എന്ന് നബിജീവിതത്തിൽനിന്നും പഠിക്കാൻ നാം തയ്യാറാകണം.

# റമദാനിലെ ഗ്രീൻ പ്രോട്ടോക്കോൾ; മഹല്ലുകൾക്ക് ഒരു മാർഗരേഖ

പരിശുദ്ധ റമദാനിലേക്ക് മുസ്‌ലിം ലോകം പ്രവേശിച്ചിരിക്കുകയാണ്. പള്ളികൾ കേന്ദ്രീകരിച്ച് ദിവസവും നോമ്പുതുറ സംഘടിപ്പിക്കുമ്പോൾ ഭക്ഷണാവശിഷ്ടങ്ങളും പ്ലാസ്റ്റിക്ക് മാലിന്യങ്ങളും പള്ളിയുടെ പരിസരത്ത് കുമിഞ്ഞുകൂടുന്നത് പതിവാണ്. ഇത് വ്യക്തികൾക്കും പരിസ്ഥിതിക്കും ദോഷകരമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. വീട്ടിൽ നടക്കുന്ന നോമ്പുതുറകളിലും സൽക്കാരങ്ങളിലുമൊക്കെ ഇക്കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. വൃത്തി ഈമാനിന്റെ ഭാഗമാണ് എന്ന പ്രവാചക വചനം നാം ഓർക്കുക. ആർക്കും ഉപദ്രവം വരുത്താതിരിക്കുക എന്നതും വിശ്വാസികളുടെ കടമയാണ്.

പള്ളികളിലും മറ്റു സ്ഥാപനങ്ങളിലും ഇഫ്ത്വാറുമായി ബന്ധപ്പെട്ട് പരിസ്ഥിതി സൗഹൃദം ഉറപ്പാക്കാൻ താഴെ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടതുണ്ട്:

1. ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി ഒഴിവാക്കുകയും മാലിന്യങ്ങൾ രൂപപ്പെടുന്നതിന്റെ അളവ് കുറയ്ക്കുകയും ചെയ്യുക
2. അവശിഷ്ടങ്ങൾ യഥാസ്ഥാനങ്ങളിൽതന്നെ നിക്ഷേപിക്കുവാൻ നിർദേശം നൽകുക. (ഈത്തപ്പഴക്കുരു, മറ്റു പഴങ്ങളുടെ കുരു, തണ്ണിമത്തന്റെ പുറംതോട്, ഉപയോഗിച്ച നാരങ്ങ പോലുള്ളവ).
3. ഭക്ഷണ മാലിന്യം ശേഖരിച്ച് അതത് ഇടങ്ങളിൽതന്നെ മാലിന്യക്കുഴി നിർമിച്ച് അതിൽ നിക്ഷേപിച്ചു വളമാക്കി മാറ്റാം.
4. നോമ്പുതുറയ്ക്ക് ആഹാരപാനീയങ്ങൾ വിതരണം ചെയ്യുന്നതിന് സ്റ്റീൽ, ചില്ല്, മണ്ണ്, സെറാമിക്സ് എന്നിവകൊണ്ട് ഉണ്ടാക്കിയ ഗ്ലാസ്സുകളും പാത്രങ്ങളും സജ്ജീകരിക്കണം.
5. നോമ്പുതുറയോടനുബന്ധിച്ചോ മറ്റോ ഭക്ഷണപ്പൊതികൾ വിതരണം ചെയ്യേണ്ടി വരുമ്പോൾ പ്ലാസ്റ്റിക്ക് ഉപയോഗം പരമാവധി ഒഴിവാക്കണം.
6. ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിന് ആവശ്യമായ സംവിധാനമൊരുക്കണം.
7. അലുമിനിയം ഫോയിൽ കൊണ്ടുള്ള കണ്ടെയ്നറുകൾ ഒഴിവാക്കണം.
8. മാലിന്യങ്ങൾ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽനിന്നും പുറത്ത് പോകുന്ന അവസ്ഥയും അലക്ഷ്യമായി വലിച്ചെറിയുന്ന സാഹചര്യവും പൂർണമായി ഒഴിവാക്കണം.
9. പ്ലാസ്റ്റിക് മാലിന്യം കത്തിക്കുമ്പോൾ 'ഡയോക്സിൻ,' 'ഫ്യൂറാൻസ്' പോലുള്ള വിഷാംശങ്ങൾ പുകയിലൂടെ പുറത്തുവിടപ്പെടും. ഇത് ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ, ത്വക്കിൽ ചൊറിച്ചിൽ എന്നിവയുണ്ടാക്കും. തുടർച്ചയായി ഇത് ശ്വസിക്കുന്നതിലൂടെ ക്യാൻസർ, ഹൃദയരോഗം തുടങ്ങിയ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുമെന്ന കാര്യം നാം മനസ്സിലാക്കുകയും ഇ#ൗ വിഷയത്തിൽ ബോധവൽക്കരണം നടത്തുകയും ചെയ്യണം.
10. ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തണം. കുടിവെള്ളം അംഗീകൃത ജല പരിശോധന ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കി സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തണം. കിണറുകൾ ക്ലോറിനേറ്റ് ചെയ്യണം. ഭക്ഷണം പാകം ചെയ്യുന്നവർക്ക് രോഗങ്ങൾ ഇല്ലെന്നും രോഗവാഹകരല്ലെന്നും ഉറപ്പുവരുത്തുന്ന നിർദിഷ്ട മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. ഇത്തരം കാര്യങ്ങളിൽ വീഴ്ച വരുത്തിയാൽ കേരള പൊതുജനാരോഗ്യ നിയമം 2023 ലെ 58(1)(2) പ്രകാരവും മറ്റു നിയമങ്ങൾ പ്രകാരവും ശിക്ഷാ നടപടിക്ക് വിധേയരാകേണ്ടിവരും എന്നതും നാം മനസ്സിലാക്കണം.

മുജീബ് ഒട്ടുമ്മൽ
: 97444 31890



മുസ്‌ലിം പിന്തുടർച്ചാവകാശ നിയമം ബാധകമാക്കരുതെന്നാവശ്യപ്പെട്ട് ഒരു മലയാളി 'എക്സ് മുസ്‌ലിം' വനിത ഫയൽ ചെയ്ത ഹരജിയിൽ സുപ്രീം കോടതി കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും നോട്ടീസ് അയച്ചിരിക്കുകയാണ്. ഇതര നിയമ വ്യവസ്ഥകൾക്കതീതമായി സ്രഷ്ടാവിന്റെ നിയമ നിർദേശങ്ങളാണ് ശരീഅത്തിന്റെ അടിസ്ഥാനം എന്നിരിക്കെ ഭരണഘടന നൽകിയ അവകാശത്തെ ഹനിക്കുന്ന ഏതൊരു ഇടപെടലും ധ്രുവീകരണത്തിനേ വഴിവയ്ക്കൂ.

# ഇസ്‌ലാമിക ശരീഅത്ത്: അജയ്യതയും ഹരജിക്കാരുടെ കുടിലതയും

മുസ്‌ലിം പിന്തുടർച്ചാവകാശ നിയമം (ശരീഅത്ത് നിയമം) ബാധകമാക്കരുതെന്ന് ആവശ്യപ്പെട്ട് അവിശ്വാസിയായ, മുസ്‌ലിം നാമധാരിയായ ഒരു മലയാളീ വനിത ഫയൽ ചെയ്ത ഹരജിയിൽ സുപ്രീം കോടതി കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും നോട്ടീസ് അയച്ചിരിക്കുകയാണ്. വിഷയത്തിന്റ ഗൗരവം കണക്കിലെടുത്ത് ഈ കേസിനായി പ്രത്യേക അഭിഭാഷകനെ ചുമതലപ്പെടുത്താൻ അറ്റോർണി ജനറൽ ആർ വെങ്കിട്ടരമണിയോട് സുപ്രീം കോടതി ആവശ്യപ്പെടുകയും ചെയ്തു. 1937ലെ മുസ്‌ലിം വ്യക്തിനിയമം മുസ്‌ലിമായി ജനിക്കുന്ന എല്ലാവർക്കും ബാധകമാണെന്നും മതം ഉപേക്ഷിക്കുന്നവർക്ക് പോലും പാരമ്പര്യസ്വത്തുക്കൾ ഭാഗം ചെയ്യുമ്പോൾ ഈ ശരീഅത്ത് നിയമമാണ് ബാധകമാക്കുന്നതെന്നും എന്ന് ഈ വനിതക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ പ്രശാന്ത് പദ്മനാഭൻ സുപ്രീംകോടതിയിൽ അവകാശപ്പെടുന്നുമുണ്ട്. മതേതരമായ ഇന്ത്യൻ പിന്തുടർച്ചാവകാശനിയമം തനിക്ക് ബാ



ധകമാക്കണമെന്നാണ് ഇവർ ആവശ്യപ്പെടുന്നത്.

'എക്സ് മുസ്‌ലിം' എന്ന് അവകാശപ്പെടുന്ന ഈ വനിതയുടെ ഹർജിയും അതിലെ വിഷയങ്ങളും ആവശ്യങ്ങളും വായിച്ചാൽ എന്താണ് ഇതുകൊണ്ട് ഇവർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാണ്. ഇസ്‌ലാമിക ശരീഅത്തിനെ ഇന്ത്യയുടെ മതനിരപേക്ഷ ഭൂമികയിൽനിന്ന് ഉൻമൂലനം ചെയ്യുക, ശരീഅത്ത് ജീവിതത്തിൽ പ്രായോഗികമല്ലെന്ന് മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുക, ന്യൂനപക്ഷ ഉൻമൂലനമെന്ന സവർണ രാഷ്ട്രീയത്തിന്റെ സംഘപരിവാര ലക്ഷ്യങ്ങളെ സാക്ഷാത്കരിക്കുക, മുസ്‌ലിം സമൂഹത്തെ അപരവത്കരിക്കുക, മതസ്വാതന്ത്ര്യമെന്ന മൗലികാവകാശത്തിനുമേൽ കടന്ന് കയറുക, ഏകസിവിൽകോഡ് നടപ്പാക്കാനുള്ള സംഘപരിവാര ശ്രമങ്ങൾക്ക് ആക്കം കൂട്ടുക, ഇസ്‌ലാമിക സംസ്കാരത്തെയും പൈതൃകത്തെയും തുടച്ചുനീക്കുക, ഇസ്‌ലാമിലെ സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് മുതലക്കണ്ണീരൊഴുക്കുന്നവരുടെ കുപ്രചാരണത്തിന് ശക്തി പകരുക, വസ്ത്ര-ഭക്ഷണ-ആരാധനാ സ്വാതന്ത്ര്യത്തെ ഹനിക്കുക, എഴുപതുകൾ മുതൽ ഇന്ത്യയിൽ ഹിന്ദുത്വശക്തികൾ അധികാരത്തിൽ വന്നാൽ നടപ്പാക്കുമെന്ന് അന്നത്തെ ആർഎസ്എസ് തലവൻ ബാലസാഹബ് ദേവരസ് പ്രഖ്യാപിച്ച ഹിന്ദുത്വ ദേശീയതയുടെ സാംസകാരികയുക്തിയിൽ അധിഷ്ഠിതമായ, അടിസ്ഥാനപരമായിത്തന്നെ മുസ്‌ലിം വിരുദ്ധമായ രാഷ്ട്രീയ അടിത്തറ പാകാൻ നിലമൊരുക്കുക തുടങ്ങിയ ധാരാളം ലക്ഷ്യങ്ങൾ ഇതിനു പിന്നിലുണ്ടെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറയാനാകില്ല.

ഇന്ത്യൻ ഭരണഘടന അനുഛേദം 21ൽ വ്യക്തിസ്വാതന്ത്ര്യവും അതിന്റെ സംരക്ഷണവും വിശദീകരിക്കുന്നു. ഇതിന്റെ ചുവടുപിടിച്ച് ലിംഗഭേദ ചർച്ചയും നടക്കുന്നുണ്ട്. ലിംഗസ്വത്വം ഓരോ വ്യക്തിക്കും പ്രഖ്യാപിക്കാമെന്ന കോടതി നിർദേശങ്ങൾ പോലും വ്യക്തി സ്വാതന്ത്ര്യത്തിന്റെ വിശാലതയായാണ് വിലയിരുത്തുന്നത്. മാനവികതയെ പരിഹസിക്കുന്ന നിരീക്ഷണമാണെങ്കിലും വ്യക്തിസ്വാതന്ത്ര്യം അത്രത്തോളം അവകാശമാണ് എന്ന് പഠിപ്പിക്കുന്നുണ്ട്. ഭരണഘടനയിലെ അനുഛേദം 25 മുതൽ 28 വരെയുള്ളതിൽ മതസ്വാതന്ത്ര്യവും

ഭരണഘടനയിലെ അനുഛേദം 25 മുതൽ 28 വരെയുള്ളതിൽ മതസ്വാതന്ത്ര്യവും അനുവദിക്കുന്നുണ്ട്. ഇഷ്ടമുള്ളത് സ്വീകരിക്കാനും ആചരിക്കാനും അതേസമയ നിരാകരിക്കാനുമുള്ള സ്വാതന്ത്ര്യമാണത്. ഇന്ത്യയിൽ ഏതു മതത്തിൽ ജനിച്ചവരാണെങ്കിലും മതം മാറാനും മതാനുശാസനകളെ നിരാകരിക്കാനും അവഗണിക്കാനും സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ടാണിവിടെ മിശ്രവിവാഹം നടക്കുന്നത്. മുസ്‌ലിം നാമധാരിയാണെങ്കിൽ പോലും രജിസ്റ്റർ വിവാഹവും ലിവിങ് ടുഗതറും നടക്കുന്നുണ്ടിവിടെ. സ്പെഷ്യൽ മേരേജ് ആക്ട് പ്രകാരം മതാചാരങ്ങളെയും പുരോഹിതൻമാരെയും ഒഴിവാക്കി വിവാഹം നടത്തുന്നതിനും ഒരു തടസ്സവുമില്ല.

അനുവദിക്കുന്നുണ്ട്. ഇഷ്ടമുള്ളത് സ്വീകരിക്കാനും ആചരിക്കാനും അതേസമയ നിരാകരിക്കാനുമുള്ള സ്വാതന്ത്ര്യമാണത്. ഇന്ത്യയിൽ ഏതു മതത്തിൽ ജനിച്ചവരാണെങ്കിലും മതം മാറാനും മതാനുശാസനകളെ നിരാകരിക്കാനും അവഗണിക്കാനും സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ടാണിവിടെ മിശ്രവിവാഹം നടക്കുന്നത്. മുസ്‌ലിം നാമധാരിയാണെങ്കിൽ പോലും രജിസ്റ്റർ വിവാഹവും ലിവിങ് ടുഗതറും നടക്കുന്നുണ്ടിവിടെ. സ്പെഷ്യൽ മേരേജ് ആക്ട് പ്രകാരം മതാചാരങ്ങളെയും പുരോഹിതൻമാരെയും ഒഴിവാക്കി വിവാഹം നടത്തുന്നതിനും ഒരു തടസ്സവുമില്ല.

അനന്തരാവകാശ സ്വത്ത് വിഭജനത്തിനും ധാരാളം മാർഗങ്ങളുണ്ട്. മരണത്തിന് ശേഷം തന്റെ സ്വത്ത് തങ്ങളുടെ മക്കൾക്ക് മാത്രം ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടെ വിൽപത്രം തയ്യാറാക്കി വെക്കാനുള്ള അവകാശവും ഉണ്ട്. സ്വത്ത് അന്യാധീനപ്പെട്ടു പോകാതിരിക്കാനുള്ള നിയമനടപടികൾ സ്വീകരിക്കാനും ശരീഅത്തിലെ അനന്തരസ്വത്ത് നിയമങ്ങളെ നിരാകരിക്കാനുമുള്ള വ്യക്തി സ്വാതന്ത്ര്യവും നമ്മുടെ നാട്ടിലുണ്ട്.

എന്നിട്ടും ശരീഅത്തിനെതിരെ സുപ്രിം കോടതിയിൽ ഹർജി ഫയൽ ചെയ്ത അവിശ്വാസിയായ വനിതയുടെ ഉദ്ദേശ്യശുദ്ധിയെ സംശയിച്ചാൽ അതും കുറ്റമല്ല. മദ്യം നിഷിദ്ധമാക്കിയ ഇസ്‌ലാമിക ശരീഅത്ത് തനിക്ക് ബാധകമാക്കരുതെന്ന് ഒരു മദ്യപാനി കോടതിയെ സമീപിച്ചാൽ അയാളോടുള്ള കോടതിയലക്ഷ്യമെന്താണോ അത് ബാധകമാക്കുകയാണ് യഥാർഥത്തിൽ ഈ ഹരജിക്കാരിയോട് കോടതി ചെയ്യേണ്ടിയിരുന്നത്. പക്ഷേ, അതും സമൂഹത്തിൽ ചർച്ചയാക്കി മനസ്സുകളിൽ മുറിവ് സൃഷ്ടിക്കാനാണ് ശ്രമം. ജസ്റ്റിസ് ചന്ദ്രചൂഡിന്റ നേതൃത്വത്തിലുള്ള ബെഞ്ചാണ് ഈ ഹർജിയും പരിഗണിച്ചതും കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്ക് നോട്ടീസയച്ചതുമെന്ന് കേൾക്കുമ്പോൾ എവിടെയോ എന്തോ ഒരു പിശക് തോന്നുന്നത് സ്വാഭാവികം.

അധികാര വർഗത്തിന്റെ മുഖത്തു നോക്കി സത്യം വിളിച്ചു പറയാനും ധർമാധർമങ്ങൾ തിരിച്ചറിഞ്ഞ് അവയിൽ ഏറ്റവും നല്ലതെന്ന് തോന്നുന്നതിനെ തെരഞ്ഞെടുക്കാനുമുള്ള പൗരൻമാരുടെ അവകാശമാണ് ഭരണഘടനയിൽ നിറഞ്ഞു നിൽക്കുന്നത്. പൗരാവകാശങ്ങളെ വേണ്ടവിധം ഉപയോഗപ്പെടുത്താൻ സ്വാതന്ത്ര്യം നൽകിയ ഇന്ത്യൻ ഭരണഘടനയെ യഥാർഥത്തിൽ പരിഹസിക്കുകയാണ് ശരീഅത്ത് വിരോധിയായ ഈ അവിശ്വാസി വനിത ചെയ്തിരിക്കുന്നത്.

28 വർഷത്തെ ദാമ്പത്യജീവിതത്തിനു ശേഷം മുസ്‌ലിം നാമധാരിയായ ഒരു അഭിഭാഷകനും ഭാര്യയും സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വീണ്ടും വിവാഹിതരായി വാർത്തയിലിടം പിടിക്കുകയുണ്ടായി. മുസ്‌ലിം പിന്തുടർച്ചാവകാശ നിയമ പ്രകാരം തങ്ങളുടെ പെൺമക്കൾക്ക് പൂർണ സ്വത്തവകാശം കിട്ടണമെന്ന നിലപാടിന്റെ ഭാഗമായാണത്രെ അവർ വീണ്ടും വിവാഹിതരായത്. ഇദ്ദേഹവും യഥാർഥത്തിൽ ഇസ്‌ലാമിക ശരീഅത്തിനെതിരെ പൊതുബോധം രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുന്നതിന്റെ ഭാഗമായാണിത് ചെയ്തത്. സമൂഹമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ചിലരുടെ ഗോഷ്ടികൾ സമൂഹത്തിലുണ്ടാക്കുന്ന അലോസ

രത ചില്ലറയല്ല. കേട്ടാലറക്കുന്ന തെറി വാക്കുകൾ കൊണ്ട് സമൂഹ മാധ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നവരുടെ ലക്ഷ്യം കൂടുതൽ റീച്ച് ലഭിക്കുക, അതിലൂടെ പ്രശസ്തിയും സമ്പത്തും ഉണ്ടാക്കിയെടുക്കുക എന്നതാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? ഇസ്‌ലാമിനെ വിമർശിച്ചുകൊണ്ട് ചില 'ഇടങ്ങൾ' സൃഷ്ടിക്കാനുള്ള മനോരോഗങ്ങളും ഇന്ന് സമൂഹത്തിൽ ധാരാളമായി വർധിച്ച് വരുന്നുണ്ട്. സമൂഹത്തിലെ സാംസ്കാരിക മാലിന്യങ്ങളിൽ ഇരിപ്പിടം ഉറപ്പിക്കാൻ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പ്രതിഭാഗത്ത് കൊണ്ടുവരാനുള്ള ഇവരുടെ ശ്രമങ്ങളായി ഇതിനെ കാണാനാകും. ഇസ്‌ലാമിന്റെ മൂല പ്രമാണങ്ങളിലൂടെ ഇത്തരം വിഷയങ്ങളെ സമീപിക്കാൻ ഇവർ ശ്രമിക്കാറില്ല. തുടക്കം മുതലേ കേട്ട് ശീലിച്ച വിമർശനങ്ങളുമായി രംഗപ്രവേശം ചെയ്യുന്ന ഈ അൽപൻമാരുണ്ടോ അറിയുന്നു ഇവർ ഏറ്റുമുട്ടാൻ ശ്രമിക്കുന്നത് പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റെ മതത്തോടാണെന്ന്!

ഖുർആൻ പറയുന്നു: "അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു" (61:8).

**ഷാബാനു ബീഗം കേസും ശരീഅത്ത് വിമർശനവും**

ഇസ്‌ലാമിക ശരീഅത്ത് നിയമങ്ങൾക്കെതിരെ അവസരങ്ങൾ ഉപയോഗപ്പെടുത്താൻ വിമർശകർ എല്ലാ കാലത്തും ശ്രമിച്ചിട്ടുണ്ട്. 1984-85 കാലത്ത് ഷാബാനു കേസിലെ സുപ്രീം കോടതി വിധി ഇന്ത്യയെ പ്രകമ്പനം കൊള്ളിച്ചു. മുൻ ഭാര്യക്ക് ജീവിതകാലം മുഴുവൻ, വിവാഹമോചനം നേടുന്ന ഭർത്താവ് ജീവനാംശം നൽകണമെന്ന ക്രിമിനൽ പ്രൊസീജ്യർ കേസിലെ വ്യവസ്ഥകൾ ബാധകമാക്കിയതായിരുന്നു ഈ വിധി. ഇത് ശരീഅത്ത് നിയമത്തിനെതിരായതിനാൽ റദ്ദാക്കണമെന്ന് മുസ്‌ലിം പണ്ഡിതൻമാർ ആവശ്യപ്പെട്ടു. അതേസമയം മുസ്‌ലിം സ്ത്രീകൾക്ക് മതിയായ നഷ്ടപരിഹാരം ഉറപ്പ് വരുത്തുന്ന സ്വകാര്യ ബില്ല് ജി.എം ബനാത്ത് വാല സാഹിബ് ലോക്സഭയിൽ അവതരിപ്പിച്ചു. വിശദമായ ചർച്ചക്ക് ശേഷം ഈ ബില്ലിനു പകരം ഇതിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് അന്നത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധി 'മുസ്‌ലിം സ്ത്രീ സംരക്ഷണ നിയമം 1986' എന്ന പുതിയ നിയമം കൊണ്ടുവന്നു. അത് വലിയ ചർച്ചകൾക്ക് കാരണമായി. ഇസ്‌ലാമിക ശരീഅത്തിനെയും വിമർശനങ്ങൾക്ക് വിധേയമാക്കി. ഇന്ത്യയിലെ മതനിരപേക്ഷ ചേരിയിൽ പെട്ടവർ പോലും ശരീഅത്ത് നിയമങ്ങളെ പരിഹസിക്കുന്നവിധം ചർച്ചകൾക്ക് നേതൃത്വം നൽകി.

മുസ്‌ലിം സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ചും സ്വാതന്ത്ര്യത്തെ കുറിച്ചും ഏതു കാലത്തെയും പോലെ മുസ്‌ലിം മാംസദാഹികൾ മുതലക്കണ്ണീരൊഴുക്കി. അന്നും മുസ്‌ലിം നാമധാരികളായ നിഷേധികളും ചർച്ചകൾക്ക് നേതൃത്വം നൽകിയിരുന്നു. കേരളത്തിന്റെ മുൻ ഗവർണറും ബിജെപി നേതാവുമായിരുന്ന മുഹമ്മദ് ആരിഫ് ഖാൻ രാജീവ് ഗാന്ധി മന്ത്രിസഭയിൽ അന്ന് ഉണ്ടായിരുന്നു. സുപ്രീം കോടതിവിധിക്കെതിരെ ശരീഅത്ത് നിയമസംരക്ഷണഭാഗമായുള്ള സർക്കാറിന്റെ നിലപാ

> സമൂഹമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ചിലരുടെ ഗോഷ്ടികൾ സമുഹത്തിലുണ്ടാക്കുന്ന അലോസരത ചില്ലറയല്ല. കേട്ടാലറക്കുന്ന തെറി വാക്കുകൾ കൊണ്ട് സമൂഹ മാധ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നവരുടെ ലക്ഷ്യം കൂടുതൽ റീച്ച് ലഭിക്കുക, അതിലൂടെ പ്രശസ്തിയും സമ്പത്തും ഉണ്ടാക്കിയെടുക്കുക എന്നതാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? ഇസ്‌ലാമിനെ വിമർശിച്ചുകൊണ്ട് ചില 'ഇടങ്ങൾ' സൃഷ്ടിക്കാനുള്ള മനോരോഗങ്ങളും ഇന്ന് സമൂഹത്തിൽ ധാരാളമായി വർധിച്ച് വരുന്നുണ്ട്. സമൂഹത്തിലെ സാംസ്കാരിക മാലിന്യങ്ങളിൽ ഇരിപ്പിടം ഉറപ്പിക്കാൻ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പ്രതിഭാഗത്ത് കൊണ്ടുവരാനുള്ള ഇവരുടെ ശ്രമങ്ങളായി ഇതിനെ കാണാനാകും.

ടിനെതിരെ പ്രതിഷേധിച്ച് അദ്ദേഹം മന്ത്രിസ്ഥാനം രാജിവെച്ചു. പിന്നീട് അദ്ദേഹം ബിജെപി യിൽ ചേരുകയായിരുന്നു. മുസ്‌ലിം സ്ത്രീകളുടെ അവകാശത്തിന് വേണ്ടിയെന്ന വ്യാജേന ബിജെപിയുടെ സഹകാരിയായതോടുകൂടി അദ്ദേഹത്തിന്റെ തനിനിറവും വ്യക്തമായി. 2024 ജൂലൈയിൽ വിവാഹമോചനം നേടിയ മുസ്‌ലിം സ്ത്രീക്കും ജീവനാംശത്തിന് അർഹതയുണ്ടെന്ന് സുപ്രീം കോടതിയിൽനിന്ന് വിധി വരികയുണ്ടായി. അതിലൂടെയാണ് ഷാബാനു കേസ് വീണ്ടും ചർച്ചയായത്. രാജ്യത്ത് വീണ്ടും ഏകസിവിൽകോഡ് ചർച്ചയാകുന്ന സമയത്താണ് ജസ്റ്റിസുമാരായ ബി.വി നാഗരത്ന, അഗസ്റ്റിൻ ജോർജ് മാസിഹ് എന്നിവരുടെ ബെഞ്ചിൽ നിന്ന് ഷാബാനു സമാനമായ വിധി വന്നത്. വിധി വന്ന മണിക്കൂറുകൾക്കുള്ളിൽ തന്നെ സ്വാഗതം ചെയ്ത് രംഗത്തെത്തിയത് ബിജെപിയാണ്. ശരീഅത്തിനെതിരെയുള്ള വിധിയാണെന്നതുകൊണ്ട് മാത്രമാണ് സംഘപരിവാരങ്ങൾ ഇതിനെ സ്വാഗതം ചെയ്തത്. അല്ലാതെ മുസ്‌ലിം സ്ത്രീകളുടെ അവകാശത്തിനു വേണ്ടി വല്ലാതെ ആഗ്രഹിക്കുകയും അതിന് ത്യാഗം ചെയ്യാൻ തയ്യാറാവുകയും ചെയ്യുന്നവരാണ് ബിജെപി എന്ന് പറയുന്നതിനെക്കാൾ തമാശ വേറെ എന്താണുള്ളത്! കാരണം 2002ലെ ഗുജറാത്ത് കലാപത്തിൽ ഗർഭിണിയായ 21 വയസുകാരി ബൽകീസ് ബാനുവിനെ കുടുംബാംഗങ്ങൾക്ക് മുന്നിലിട്ട് കൂട്ടബലാൽസംഗം ചെയ്യുകയും ഏഴ് കുടുംബാംഗങ്ങളെ നിഷ്കരുണം കൊലപ്പെടുത്തുകയും ചെയ്ത പ്രമാദമായ കേസ് ആരും മറന്ന് കാണില്ല.

> ഇസ്‌ലാമിക ശരീഅത്ത് സമഗ്രമായ ഒരു ജീവിത മാർഗദർശനമാണ്. മാനവരാശിയെ സൃഷ്ടിച്ച് വിതാനിച്ച പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു മുഹമ്മദ് നബി(സ്വ)യിലൂടെ അവതരിപ്പിച്ചതാണിത്. ഇതര നിയമ വ്യവസ്ഥകൾക്കതീതമായ പ്രത്യേക സവിശേഷതയുള്ള പ്രായോഗിക നിയമവ്യവസ്ഥയാണത്. അതിനാൽ ശരീഅത്ത് അന്യൂനവും സർവകാലികവും പ്രായോഗികവുമാണ്. പരിശുദ്ധ ഖുർആനും പ്രവാചക ചര്യയുമാണതിന്റെ സ്രോതസ്സ്. ശരീഅത്ത് നിർദേശിക്കുന്ന വിശ്വാസവും കർമാനുഷ്ഠാനങ്ങളും സ്വഭാവഗുണങ്ങളും ജീവിതത്തിന്റെ ഭാഗമാക്കുന്നതോടുകൂടി പൂർണമായ സമാധാനം സാധ്യമാകും.

കൊല്ലപ്പെട്ടവരിൽ ബൽകീസ് ബാനുവിന്റെ കുഞ്ഞു മകളും ഉണ്ടായിരുന്നു. അഞ്ച് മാസം ഗർഭിണിയായിരുന്ന ബൽകീസ് ബാനു മരിച്ചു എന്ന് കരുതിയാണ് ആക്രമികൾ അവിടെനിന്നും സ്ഥലം വിട്ടത്. സുപ്രീം കോടതിയുടെ ഇടപെടലിനെ തുടർന്ന് സിബിഐ അന്വേഷിച്ച കേസായിരുന്നു ഇത്. 2008ൽ മുംബൈയിലെ പ്രത്യേക സിബിഐ കോടതിയാണ് പതിനൊന്ന് പ്രതികളെയും ജീവപര്യന്തം തടവിന് ശിക്ഷിച്ചത്. 2022ൽ ഗുജറാത്തിലെ ബിജെപി സർക്കാർ പ്രതികളെ വെറുതെ വിടുകയായിരുന്നു. അതോടെ കൊടുംകുറ്റവാളികളായ ആ ഭീകരൻമാരെ സംഘപരിവാരം സ്വീകരിച്ചത് മധുരപലഹാരങ്ങൾ വിതരണം ചെയ്തുകൊണ്ടാണ്.

മുസ്‌ലിം സ്ത്രീകളോടുള്ള സംഘപരിവാരങ്ങളുടെ സമീപനമാണ് നാം കണ്ടത്. ഇവരാണ് ഷാബാനു കേസിൽ കണ്ണീരൊഴുക്കി അവകാശത്തിനായി രംഗത്തു വന്നത് എന്ന് പറയുമ്പോൾ ഇസ്‌ലാമിക ശരീഅത്തിനെ ലക്ഷ്യമാക്കുകയായിരുന്നുവെന്ന് വ്യക്തമാണ്.

**ഇസ്‌ലാമിക ശരീഅത്ത്: പ്രായോഗികതയും അജയ്യതയും**

ഇസ്‌ലാമിക ശരീഅത്ത് സമഗ്രമായ ഒരു ജീവിത മാർഗദർശനമാണ്. മാനവരാശിയെ സൃഷ്ടിച്ച് വിതാനിച്ച പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു മുഹമ്മദ് നബി(സ്വ)യിലൂടെ അവതരിപ്പിച്ചതാണിത്. ഇതര നിയമ വ്യവസ്ഥകൾക്കതീതമായ പ്രത്യേക സവിശേഷതയുള്ള പ്രായോഗിക നിയമവ്യവസ്ഥയാണത്. അതിനാൽ ശരീഅത്ത് അന്യൂനവും സർവകാലികവും പ്രായോഗികവുമാണ്. പരിശുദ്ധ ഖുർആനും പ്രവാചക ചര്യയുമാണതിന്റെ സ്രോതസ്സ്. ശരീഅ

ത്ത് നിർദേശിക്കുന്ന വിശ്വാസവും കർമാനുഷ്ഠാനങ്ങളും സ്വഭാവഗുണങ്ങളും ജീവിതത്തിന്റെ ഭാഗമാക്കുന്നതോടുകൂടി പൂർണമായ സമാധാനം സാധ്യമാകും. ആത്മീയമായ ആരാധനാ കർമങ്ങളിൽ നിരതമാകുന്നതിന്റെ അത്രതന്നെ പ്രാധാന്യം കുടുംബ-സാമൂഹിക-സാമ്പത്തിക നിയമങ്ങൾക്കുമുണ്ട്. ഐഹികവും പാരത്രികവുമായ വിജയം കാംക്ഷിച്ചുകൊണ്ടാണ് ഓരോ വിശ്വാസിയും അതിനെ ജീവിതത്തിന്റെ ഭാഗമാക്കുന്നത് .അല്ലാഹുവിന്റെ ബോധനമനുസരിച്ച് മുഹമ്മദ് നബി(സ്വ) അവിടുത്തെ ജീവിതത്തിലൂടെ മാനവരാശിയെ പ്രായോഗികമായി പഠിപ്പിച്ച ജീവിതരീതിയാണ് ശരീഅത്ത്. മാനവ ജീവിതത്തിന് ആവശ്യമായ വിജ്ഞാനങ്ങളും അറിവുകളും കർമാനുഷ്ഠാനങ്ങളുമെല്ലാം പരിപൂർണമായി പ്രവാചകൻ മാനവരാശിയെ പഠിപ്പിച്ചിട്ടുണ്ട്. അതിനാൽ മതനിയമങ്ങൾ ബാധകമായ എല്ലാ വ്യക്തികൾക്കും ഇസ്‌ലാമിക ശരീഅത്ത് അനുസരിക്കൽ നിർബന്ധമാണ്.

മാനവരാശി അവരുടെ ജീവിതത്തിൽ അനുവർത്തിക്കേണ്ട എല്ലാ കാര്യങ്ങളും കൃത്യമായും പൂർണമായും പഠിപ്പിച്ചുകൊണ്ടാണ് പ്രവാചകൻ വിടപറഞ്ഞത്. ശൗച്യ കാര്യങ്ങളിലും ഭാര്യ-ഭർതൃ ബന്ധങ്ങളിലുമുള്ള മര്യാദകൾ പഠിപ്പിച്ചിട്ടുണ്ട്. നടക്കുമ്പോഴും ഇരിക്കുമ്പോഴും നിൽക്കുമ്പോഴും തിന്നുമ്പോഴും കുടിക്കുമ്പോഴും വാഹനത്തിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും യാത്രാവേളയിലും അല്ലാത്തപ്പോഴും; സംസാരിക്കുന്ന സന്ദർഭങ്ങളിലും മൗനം ദീക്ഷിക്കുമ്പോഴും, ഏകാന്തതയിലും ആളുകൾക്കിടയിലാകുമ്പോഴും, സമ്പന്നതയിലും ദാരിദ്ര്യത്തിലും, ആരോഗ്യമുള്ളപ്പോഴും രോഗാവസ്ഥയിലും എന്നിങ്ങനെ ജീവിതത്തിന്റെ സകല രംഗങ്ങളിലും പാലിക്കേണ്ട വിധിവിലക്കുകളെ കുറിച്ചും മരണത്തെ സംബന്ധിച്ചുമൊക്കെ അവിടുന്ന് വിശദമായി പറഞ്ഞുതന്നിട്ടുണ്ട്. നന്മതിന്മകളെ കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചു മുള്ള അറിവുകൾ വിശദമായിത്തന്നെ പ്രവാചകൻ മനുഷ്യർക്ക് പകർന്ന് നൽകിയിട്ടുണ്ട്. മാനവ ചരിത്രത്തിൽ ഒരിക്കലും ഇതുപോലെ ഒരു ജീവിതദർശനമോപ്രത്യയശാസ്ത്രമോ കാണാൻ സാധ്യമല്ല. ലോകത്ത് കഴിഞ്ഞുപോയ ഒരു പരിഷ്കർത്താവിനും സമഗ്രമായ ഒരു ജീവിത പദ്ധതി അവതരിപ്പിക്കാൻ സാധിച്ചിട്ടില്ല. രഹസ്യനിമിഷങ്ങൾ മുതൽ ജനങ്ങളുടെ ഇടയിലെ വ്യവഹാരങ്ങൾ അടക്കം എല്ലാ കാര്യങ്ങളിലും കൃത്യവും വ്യക്തവുമായ മാർഗനിർദേശങ്ങളാണ് പ്രവാചകൻ മാനവരാശിക്ക് പകർന്നുനൽകിയത്. മാനവ ചരിത്രത്തിൽ കഴിഞ്ഞുപോയ ഭൗതിക പ്രത്യയശാസ്ത്രങ്ങൾക്കൊന്നും ഇതിന് സാധിച്ചിട്ടില്ല എന്നത് ഒരു വസ്തുതയാണ്. ഇസ്‌ലാമികമായി ജീവിക്കുകയും അങ്ങനെ പരലോക മോക്ഷം ലഭിക്കുകയും ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർക്ക് വലിയൊരു അനുഗ്രഹമാണ് ഇന്ത്യൻ ഭരണഘടനയുടെ ഭാഗമായ 1937ലെ മുസ്‌ലിം പേഴ്സണൽ ലോ (ശരീഅത്ത്) ആപ്ലിക്കേഷൻ ആക്ട്. വ്യക്തിജീവിതത്തിൽ ശരീഅത്ത് അനു



സരിക്കുവാൻ അത് ഇന്ത്യൻ മുസ്‌ലിംകളെ അനുവദിക്കുന്നു. ഇന്ത്യയിലേക്കുള്ള ഇസ്‌ലാമിന്റെ ആഗമനകാലം മുതൽതന്നെ മുസ്‌ലിംകൾ അനുഭവിച്ചുപോന്ന സ്വാതന്ത്ര്യത്തിന്റ തുടർച്ചയായിരുന്നു അത്. ഹിന്ദു ഭരണകാലത്തും മുസ്‌ലിം ഭരണകാലത്തും വൈദേശികാധിനിവേശ ശക്തികളുടെ ഭരണകാലത്തുമെല്ലാം ശരീഅത്ത് അനുസരിച്ച് ജീവിക്കുവാനും തർക്കവിതർക്കങ്ങളിൽ അതനുസരിച്ച് വിധി ലഭിക്കുവാനുമുള്ള അവകാശത്തിന്റെ നിയമരൂപമാണ് ശരിഅത്ത് ആപ്ലിക്കേഷൻ ആക്ട്. അനന്തരാവകാശം, വിവാഹം, വിവാഹമോചനം, ഇഷ്ടദാനം, വക്ഫ് എന്നീ കാര്യങ്ങളിൽ വ്യക്തികൾ മുസ്‌ലിംകളാണെങ്കിൽ തീർപ്പു കൽപിക്കേണ്ടത് ശരീഅത്തനുസരിച്ച് ആകണമെന്ന് വ്യവസ്ഥപ്പെടുത്തുന്ന ഈ നിയമം ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷതയുടെ ഏറ്റവും നല്ല ഉദാഹരണം കൂടിയാണ്.

എന്നാൽ മുസ്‌ലിം പേരുള്ളവനായതുകൊണ്ട് മാത്രം ഒരാൾ ശരീഅത്ത് ആപ്ലിക്കേഷൻ ആക്ട് പ്രകാരം തന്റ സ്വത്ത് വിഭജിക്കണമെന്ന് ഭരണഘടന അനുശാസിക്കുന്നില്ല. ഇസ്‌ലാമിക ജീവിതം നയിക്കാൻ ആഗ്രഹിക്കാത്തവർക്ക് വിവാഹം മുതൽ തന്നെ ശരീഅത്തിന്റെ വരുതിയിൽ നിന്ന് പുറത്തു പോകാൻ അനുവാദമുണ്ട്. ഇന്ത്യൻ ഭരണഘടന അങ്ങനെയൊരു സ്വാതന്ത്ര്യം വകവച്ചു കൊടുക്കുന്നതുപോലെ തന്നെ വിശുദ്ധ ഖുർആനും വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളെ പരിഗണിച്ചുകൊണ്ട് സംസാരിക്കുന്നത് കാണാനാകും. അല്ലാഹു പറയുന്നു: “മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽനിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപോവുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു” (2:256).

**അനന്തരാവകാശ നിയമവും സ്ത്രീകളും**

മുസ്‌ലിം പിന്തുടർച്ചാവകാശ നിയമം (ശരീഅത്ത്) ബാധകമാക്കരുതെന്ന് ആവശ്യപ്പെട്ട് ‘എക്സ് മുസ്‌ലിം’ വനിത സുപ്രീം കോടതിയിൽ നൽകിയ ഹർജിയിൽ പ്രധാനമായും അവർ വിമർശിക്കുന്ന അനന്തരാവകാശ സ്വത്ത് വിഭജനത്തിൽ ലിംഗസമത്വം അനുവദിക്കുന്നില്ല എന്നാണ്. ശരീഅത്ത് നിയമത്തിൽ ലിംഗസമത്വം ഇല്ലെന്നും സ്വത്ത് ഭാഗം വയ്ക്കുമ്പോൾ ഉൾപ്പെടെ പെൺകുട്ടികൾക്ക് തുല്യ അവകാശം ലഭിക്കുന്നില്ലെന്നുമാണ് വനിതക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ കോടതിയുടെ മുമ്പാകെ ബോധിപ്പിച്ചത്. പെൺകുട്ടികൾക്ക് തുല്യ സ്വത്ത് ഉറപ്പാക്കുന്നതിന് ചില മുസ്‌ലിം ദമ്പതികൾ പുനർവിവാഹം ചെയ്യുന്നതും ഹർജിയിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്.

സ്ത്രീക്ക് പുരുഷന്റെ പകുതി അനന്തര സ്വത്താണ് ഇസ്‌ലാം നൽകുന്നത് എന്നാണ് വിമർശകർ ഉന്നയിക്കുന്ന പ്രധാന ആരോപണം. ഇത് തികച്ചും വസ്തുതാ വിരുദ്ധമാണ്. ഇസ്‌ലാമിക അനന്തരാവകാശ നിയമങ്ങളിൽ അനന്തരാവകാശികളുടെ ഓഹരികൾക്കിടയിലെ ഏറ്റവ്യത്യാസത്തിന്റെ മാനദണ്ഡം സ്ത്രീപുരുഷ വേർതിരിവല്ല. മരണപ്പെട്ട വ്യക്തിയോടുള്ള അനന്തരാവകാശിയുടെ ബന്ധവും ജീവിത ഭാരങ്ങൾ വഹിക്കേണ്ടി വരുന്ന തലമുറകൾക്കിടയിലെ സ്ഥാനവും കുടുംബം പുലർത്തേണ്ട ഉത്തരവാദിത്തവും സാമ്പത്തിക ബാധ്യതയുമെല്ലാമാണ് അനന്തരാവകാശിയുടെ ഓഹരിയിലെ ഏറ്റവ്യത്യാസങ്ങളുടെ മാനദണ്ഡങ്ങളായി ഇസ്‌ലാം നിശ്ചയിച്ചത്. അതിനാൽ ചില സന്ദർഭങ്ങളിൽ പുരുഷൻമാരെക്കാൾ സ്ത്രീകൾക്കായിരിക്കും ഓഹരി കൂടുതൽ ലഭിക്കുന്നത്. മറ്റു സന്ദർഭങ്ങളിൽ തുല്യ അളവിലും ചില സന്ദർഭങ്ങളിൽ പുരുഷൻമാർക്ക് കൂടുതലായും ലഭിക്കുന്നു. മനുഷ്യന്റെ വ്യവഹാരവും പ്രകൃതവും അറിയുന്ന അല്ലാഹു അനന്തരാവകാശ സ്വത്തിലെ ഓഹരി വിഭജനത്തിലും കൃത്യമായ നിർദേശങ്ങളാണ് മുന്നോട്ട് വച്ചിരിക്കുന്നത്.

ഇസ്‌ലാമിലെ അനന്തരാവകാശ സ്വത്ത് വിഭജന നിയമത്തെക്കുറിച്ച് സമൂഹത്തിൽ വളരെ വലിയ അജ്ഞതയാണ് നിലനിൽക്കുന്നത്. നാസ്തികരും ഇസ്‌ലാം വിമർശകരും ജനങ്ങൾക്കിടയിൽ ഉണ്ടാക്കിയ തെറ്റുധാരണയും പൊതുബോധ നിർമിതിയുമാണ് ഇതിന് കാരണം. അനന്തരസ്വത്ത് വിഭജനത്തിൽ ഇസ്‌ലാം സ്ത്രീകൾക്ക് സുരക്ഷയും കരുതലും എത്രമാത്രം പ്രാധാന്യത്തോടെ നൽകുന്നുവെന്ന് നിഷ്പക്ഷമായ പഠനങ്ങളിലൂടെ മനസ്സിലാക്കാനാകും. സ്ത്രീക്ക് പുരുഷന്റെ പകുതി അനന്തര സ്വത്താണ് ഇസ്‌ലാം നൽകുന്നത് എന്നാണ് വിമർശകർ ഉന്നയിക്കുന്ന പ്രധാന ആരോപണം. ഇത് തികച്ചും വസ്തുതാ വിരുദ്ധമാണ്. ഇസ്‌ലാമിക അനന്തരാവകാശ നിയമങ്ങളിൽ അനന്തരാവകാശികളുടെ ഓഹരികൾക്കിടയിലെ ഏറ്റവ്യത്യാസത്തിന്റെ മാനദണ്ഡം സ്ത്രീപുരുഷ വേർതിരിവല്ല. മരണപ്പെട്ട വ്യക്തിയോടുള്ള അനന്തരാവകാശിയുടെ ബന്ധവും ജീവിത ഭാരങ്ങൾ വഹിക്കേണ്ടി വരുന്ന തലമുറകൾക്കിടയിലെ സ്ഥാനവും കുടുംബം പുലർത്തേണ്ട ഉത്തരവാദിത്തവും സാമ്പത്തിക ബാധ്യതയുമെല്ലാമാണ് അനന്തരാവകാശിയുടെ ഓഹരിയിലെ ഏറ്റവ്യത്യാസങ്ങളുടെ മാനദണ്ഡങ്ങളായി ഇസ്‌ലാം നിശ്ചയിച്ചത്. അതിനാൽ ചില സന്ദർഭങ്ങളിൽ പുരുഷൻമാരെക്കാൾ സ്ത്രീകൾക്കായിരിക്കും ഓഹരി കൂടുതൽ ലഭിക്കുന്നത്. മറ്റു സന്ദർഭങ്ങളിൽ തുല്യ അളവിലും ചില സന്ദർഭങ്ങളിൽ പുരുഷൻമാർക്ക് കൂടുതലായും ലഭിക്കുന്നു. മനുഷ്യന്റെ വ്യവഹാരവും പ്രകൃതവും അറിയുന്ന അല്ലാഹു അനന്തരാവകാശ സ്വത്തിലെ ഓഹരി വിഭജനത്തിലും കൃത്യമായ നിർദേശങ്ങളാണ് മുന്നോട്ട് വച്ചിരിക്കുന്നത്. ഇസ്‌ലാമിലെ അനന്തരാവകാശ നിയമത്തിന്റെ മുഴുവൻ തത്ത്വങ്ങളും മൂന്ന് ആയത്തുകൾക്കുള്ളിൽ അതിസുന്ദരമായി ഖുർആൻ ചേർത്തുവച്ചിട്ടുണ്ട്. സൂറത്തുന്നിസാഇലെ 11, 12, 13 ആയത്തുകളാണവ.

പുരുഷന് സ്ത്രീയുടെ ഇരട്ടി ഓഹരി ലഭിക്കുന്ന അവസ്ഥകളിൽ സാമ്പത്തിക ബാധ്യതയും ഉത്തരവാദിത്തവും പുരുഷന് മാത്രമായിരിക്കും. അഥവാ പെൺകുട്ടിയുടെ ഭക്ഷണം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയ എല്ലാ കാര്യങ്ങളിലെയും അവളുടെ സാമ്പത്തിക ഉത്തരവാദിത്തം പിതാവിനോ ഭർത്താവിനോ മകനോ സഹോദരനോ ആകാം. അങ്ങനെ വരുമ്പോൾ ആ വശത്തെ പരിഗണിച്ചുകൊണ്ടാവണം ഓഹരിയിലെ വർധനവ് വ്യവസ്ഥപ്പെടുത്തിയിരിക്കുന്നത്. അതേസമയം സ്ത്രീക്ക് ഓഹരിയായി ലഭിച്ച പുരുഷന്റ പകുതി സ്വത്തുകൊണ്ട് യാതൊരു ബാധ്യതയും ഏറ്റെടുക്കേണ്ട ഉത്തരവാദിത്തം സ്ത്രീക്ക് ഉണ്ടായിരിക്കുകയില്ല എന്ന് വ്യക്തമാണ്. പെൺകുട്ടിയുടെ സ്വത്ത് അവളുടെ ഇഷ്ടാനുസരണം ഉപയോഗിക്കാമെന്നഥം. അതിന്റെ പ്രായോഗികത വളരെ ചെറിയ ഉദാഹരണത്തിലൂടെ മനസിലാക്കാം. അതായത് കേരളത്തിലെ റോട്ടിലൂടെ ഓടുന്ന ബസിലെ സീറ്റുകൾ റിസർവ് ചെയ്തിരിക്കുന്ന സിസ്റ്റം മനസ്സിലാക്കിയാൽ മതി. സ്ത്രീകൾക്ക് വേണ്ടി റിസർവ് ചെയ്തിരിക്കുന്ന സീറ്റ് അവർക്ക് മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ. ഒരു പുരുഷൻ അതിൽ കയറിയിരുന്നാൽ ശിക്ഷാർഹമാണെന്നാണ് നിയമം. എന്നാൽ സ്ത്രീകൾക്ക് ജനറൽ സീറ്റുകളും യഥേഷ്ടം ഉപയോഗിക്കാനാകും. അതായത് പുരുഷൻ ജനറൽ സീറ്റിൽ മാത്രം പരിമിതപ്പെടുമ്പോൾ റിസർവേഷൻ സീറ്റും ജനറൽ സീറ്റും ഉപയോഗിക്കാനാകുന്നത് സ്ത്രീകൾക്ക് മാത്രമാണ്. ഇത് സ്ത്രീകളെ സംബന്ധിച്ച് കൂടുതൽ സൗകര്യപ്പെടുകയാണ് ചെയ്യുന്നത്. ഇതുപോലെയാണ് പുരുഷന് ഇരട്ടി ഓഹരി ലഭിക്കുന്ന അനന്തരസ്വത്തിന്റ അവസ്ഥയും.

എന്നാൽ മറ്റു സന്ദർഭങ്ങളിൽ നടേ സൂചിപ്പിച്ചത് പോലെ തുല്യമായതും പുരുഷൻമാരെക്കാൾ അധിക ഓഹരിയും സ്ത്രീകൾക്ക് ലഭിക്കുന്നതുമുണ്ട്. ഇസ്‌ലാമിന്റെ വിമർശകരും ശത്രുക്കളും കാര്യമറിയാതെയോ അജ്ഞതകൊണ്ടോ മനഃപൂർവമോ ഇസ്‌ലാമിക ശരീഅത്തിനെ വിമർശിക്കുകയാണെന്ന് മനസ്സിലാക്കാനാകും.

വിവ. അബ്ദുൽ ജബ്ബാർ മദീനി

അന്ത്യനാളിൽ മൂന്നു കൂട്ടർക്കു ഞാൻ പ്രതിയോഗിയായിരിക്കും... തൊഴിലാളിയെ കൂലിക്കു വിളിച്ച് പൂർണമായി പണിയെടുപ്പിച്ചശേഷം അവനു അവന്റെ കൂലി നൽകാത്ത ഒരു വ്യക്തി.”

“തൊഴിലാളിക്ക് അവന്റെ വിയർപ്പ് വറ്റുന്നതിനു മുമ്പുതന്നെ നിങ്ങൾ അവന്റെ വേതനം നൽകുക.”
-നബി(സ്വ)



# വാടകക്ക് കൊടുക്കൽ

## ഇജാറത്ത്; അർഥവും തെളിവുകളും

*1. ഇജാറത്തിന്റെ അർഥവും നിർവചനവും:* ‘അജ്ർ’ എന്ന പദത്തിൽ നിന്ന് വ്യുൽപന്നമായതാണ് ‘ഇജാറത്ത്.’ ‘പകരം’ എന്നാണ് അതിന്റെ അർഥം. അതിനാലാണ് പ്രതിഫലത്തിന് അജ്ർ എന്നു പറയുന്നത്.

നിർണയിക്കപ്പെട്ടതോ ഉത്തരവാദിത്തത്തിലുള്ളതോ ആയ ഒരു സാധനത്തിന്റെ അനുവദനീയമായതും അറിയപ്പെട്ടതുമായ പ്രയോജനത്തെ ഒരു നിർണിത കാലപരിധിയിൽ അൽപാൽപമായി സ്വീകരിക്കപ്പെടുമാറുള്ള ഇടപാടാണ് ഇജാറത്ത്. അല്ലെങ്കിൽ, ഒരു നിർണിത വേതനത്തിനു പകരം ഒരു നിർണിത ജോലിക്കായുള്ള ഇടപാടാണ് ഇജാറത്ത്. ഇതാണ് അതിന്റെ സാങ്കേതികമായ ഭാഷ്യം.

*2. തെളിവുകൾ: ഇത് മതപരമാണെന്നതിന്റെ തെളിവ് വിശുദ്ധ ക്വുർആനാണ്:*

“ഇനി അവർ നിങ്ങൾക്കു വേണ്ടി (കുഞ്ഞിന്) മുലകൊടുക്കുന്നപ

ക്ഷം അവർക്കു നിങ്ങൾ അവരുടെ പ്രതിഫലം കൊടുക്കുക" (ക്വുർആൻ 65: 6).

"ആ രണ്ടു സ്ത്രീകളിലൊരാൾ പറഞ്ഞു: എന്റെ പിതാവേ, ഇദ്ദേഹത്തെ താങ്കൾ കൂലിക്കാരനായിനിർത്തുക. തീർച്ചയായും താങ്കൾ കൂലിക്കാരായി എടുക്കുന്നവരിൽ ഏറ്റവും ഉത്തമൻ ശക്തനും വിശ്വസ്തനുമായിട്ടുള്ളവനത്രെ" (ക്വുർആൻ 28: 26).

തിരുനബി(സ്വ)യും അബൂബക്‌റും(റ) ബനുദ്ദയ്ൽ ഗോത്രത്തിൽനിന്ന് വഴികാട്ടിയും മരുഭൂമാർഗങ്ങൾ നന്നായറിയുന്നവനുമായ ഒരാളെ കൂലിക്ക് സ്വീകരിച്ചു.

തൊഴിലാളിക്ക് വേതനം പൂർണമായി നൽകാത്തവനു താക്കീത് വന്നിരിക്കുന്നു. അബൂഹുറയ്‌റ(റ)യിൽ നിന്നു നിവേദനം. തിരുദൂതർ(സ്വ) പറഞ്ഞു: "അന്ത്യനാളിൽ മൂന്നു കൂട്ടർക്കു ഞാൻ പ്രതിയോഗിയായിരിക്കും... തൊഴിലാളിയെ കൂലിക്കു വിളിച്ച് പൂർണമായി പണിയെടുപ്പിച്ചശേഷം അവനു അവന്റെ കൂലി നൽകാത്ത ഒരു വ്യക്തി.''

ഇബ്‌നുഉമറി(റ)ൽനിന്നു നിവേദനം. അല്ലാഹുവിന്റെ തിരുദൂതർ പറഞ്ഞു: "തൊഴിലാളിക്ക് അവന്റെ വിയർപ്പ് വറ്റുന്നതിനു മുമ്പുതന്നെ നിങ്ങൾ അവന്റെ വേതനം നൽകുക."

## ഇജാറത്തിന്റെ ശർത്വുകൾ

1. ബുദ്ധിയുള്ളവനും പ്രായപൂർത്തിയായവനും സ്വതന്ത്രനും തന്റേടിയുമായ, സാമ്പത്തിക കൈകാര്യ കർതൃത്വം അനുവദനീയമായ വ്യക്തിയിൽനിന്നല്ലാതെ ഇജാറത്ത് സാധുവാകുകയില്ല.
2. പ്രയോജനം അറിയപ്പെട്ടതായിരിക്കണം. കാരണം അതിനാണ് ഉടമ്പടി നടക്കുന്നത്. അതിനാൽ കച്ചവടത്തിലെന്നപോലെ അത് അറിയൽ ശർത്വാക്കപ്പെടും.
3. വേതനവും അറിയപ്പെട്ടതാകണം. കാരണം അത് അക്ദുമുആവദക്ക് (ഒരു വസ്തു സ്വീകരിച്ച് ഒരു വസ്തു നൽകൽ) പകരമാണ്. അതിനാൽ വിലപോലെ അത് അറിയലും നിർബന്ധമാണ്.
4. പ്രയോജനം അനുവദനീയമാകണം. അതിനാൽ വ്യഭിചാരം, സംഗീതം, സംഗീതോപകരണങ്ങൾ എന്നിവയിൽ ഇജാറത്ത് സാധുവാകുകയില്ല.
5. പ്രയോജനം പൂർണമായി ലഭിക്കുവാനുതകുന്നതാകണം. അതിനാൽ പ്രയോജനം ലഭിക്കുവാൻ തടസ്സമാകുന്ന യാതൊന്നിലും ഇജാറത്ത് സാധുവാകുകയില്ല; നോക്കിയിരിക്കൽ ആവശ്യമായ ഒരു വസ്തു സൂക്ഷിക്കുവാൻ ഒരു അന്ധനെ വാടകക്കു കൊടുക്കുന്നതുപോലെ.
6. വാടകക്കു കൊടുക്കുന്നവൻ പ്രയോജനം ഉടമപ്പെടുത്തിയതോ അല്ലെങ്കിൽ അതിൽ അവൻ അനുവാദം നൽകപ്പെട്ടവനോ ആയിരിക്കണം. കാരണം ഇജാറത്ത് ഉപകാരങ്ങളുടെ വിൽപനയാണ്. അതിനാൽ കച്ചവടത്തെ പോലെ ഉടമപ്പെടുത്തലോ അനുവാദം ലഭിക്കലോ അതിൽ ശർത്വാക്കപ്പെടും.
7. കാലാവധി അറിയപ്പെട്ടതായിരിക്കണം. അറിയപ്പെടാത്ത കാലാവധിയിൽ ഇജാറത്ത് അനുവദനീയമാവുകയില്ല. കാരണം അത് പരസ്പര തർക്കത്തിലേക്ക് കൊണ്ടെത്തിക്കും.

## ഇജാറത്തുമായി ബന്ധപ്പെട്ട വിധികൾ

ഇജാറത്തുമായി താഴെ വരുന്ന വിധികൾ ബന്ധപ്പെടുന്നു:

1. പുണ്യപ്രവൃത്തികളിലും ആരാധനകളിലും കൂലിക്കെടുക്കൽ അനുവദനീയമല്ല. ബാങ്ക്, ഹജ്ജ്, ഫത്‌വ നൽകൽ, ക്വദ്വാഅ്(വിധിന്യായം), ഇമാമത്ത്, ക്വുർആൻ പഠിപ്പിക്കൽ പോലുള്ളത് ഉദാഹരണം. ഇവ നിർവഹിക്കുന്നവർക്ക് ബയ്തുൽമാലിൽനിന്ന് ഉപജീവനം സ്വീകരിക്കാവുന്നതാണ്.
2. വാടകക്ക് എടുക്കുന്നവന് വാടകവസ്തു നൽകലും അതിൽനിന്ന് ഉപകാരമെടുക്കുവാൻ അവന് അധികാരം നൽകലും വാടകക്കു കൊടുക്കുന്നവനു ബാധ്യതയാണ്. വാടകവസ്തു കാത്തുസൂക്ഷിക്കലും അവധിയെത്തിയാൽ വാടക നൽകലും വാടകക്കെടുക്കുന്നവനും ബാധ്യതയാണ്.
3. അപരന്റെ തൃപ്തി കൂടാതെ രണ്ടിലൊരാൾക്ക് ഇജാറത്ത് ഉടമ്പടി ഫസ്ഖുചെയ്യുവാൻ അനുവാദമില്ല. വാടക വസ്തു ശേഷിക്കവെ രണ്ടിലൊരാൾ മരണപ്പെട്ടാൽ ഇടപാട് ബാത്വിലാവുകയില്ല. അനന്തരവകാശി അവന്റെ സ്ഥാനത്ത് നിലക്കൊള്ളും.
4. മൃഗം ചാവുക, വീട് തകരുക എന്നിങ്ങനെ വാടകവസ്തു നശിക്കുകയോ അതിന്റെ ഉപകാരം നിലക്കുകയോ ചെയ്താൽ ഇജാറത്ത് അവസാനിക്കുന്നതാണ്.

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം).*

ശമീർ മദീനി
: 9048 221 212



# സലഫിയ്യത്തും അഭിപ്രായ വ്യത്യാസങ്ങളും

സലഫിയ്യത്ത് എന്നത് ഏതെങ്കിലും വ്യക്തികളിലേക്കോ വ്യക്തികൾ ആവിഷ്‌കരിച്ച ആശയങ്ങ ളിലേക്കോ ഉള്ള ചേർത്തു പറയലല്ല; മറിച്ച് മുഹമ്മദ് നബി(സ)യും അവിടുത്തെ അനുചരന്മാരും അവരുടെ ശിഷ്യഗണങ്ങളും അടങ്ങുന്ന സച്ചരിതരായ മുൻഗാമികളിലേക്ക് (അഥവാ സലഫുകളിലേക്ക്) ചേർത്തുകൊണ്ട് പറയുന്ന ആദർശപരമായ വ്യക്തതയുടെയും സമീപനങ്ങളുടെയും നിലപാടുകളുടെയും പേരാണത്. അതായത്, ഇസ്‌ലാമിന്റെ പ്രമാണബദ്ധവും കുറ്റമറ്റതുമായ വായനക്ക് പറയുന്ന സാങ്കേതിക പേരാണത്. കക്ഷിത്വത്തെയും വിഭാഗീയതയെയും നിരാകരിക്കുന്ന മാർഗമാണ് അത്. എന്നാൽ, ഇന്ന് ചിലർക്ക് അത് മറ്റു ചിലരോടുള്ള കലിപ്പും വെറുപ്പും തീർക്കുവാനുള്ള വളച്ചുകെട്ടലുകളുടെ അതിർവരമ്പുകളായി മാറിക്കൊണ്ടിരിക്കുന്നു. അങ്ങനെ തന്റെ വിഭാഗത്തിൽ പെടാത്തവരെയും താൻ അംഗീകരിക്കുന്ന പണ്ഡിതന്റെ വാക്കുകളും ഫത്‌വകളും സ്വീരിക്കാത്ത, അതിനപ്പുറത്ത് മറ്റു വല്ല അഭിപ്രായങ്ങളും നിലപാടുകളും സ്വീകരിക്കുന്നവരെയൊക്കെയും സലഫിയ്യത്തിന്റെ പടിക്കു പുറത്തു നിറുത്തുവാൻ അത്തരക്കാർ വെമ്പൽകൊള്ളാറുണ്ട്. എന്നാൽ ആധുനിക കാലഘട്ടത്തിലെ അറിയപ്പെടുന്ന സലഫി പണ്ഡിതന്മാർ

തന്നെയും അത്തരം സങ്കുചിത നിലപാടുകളെ വിഭാഗീയതയുടെ വിത്തുകളായി കാണുകയും അതിനെതിരെ ശക്തമായ മുന്നറിയിപ്പ് നൽകുകയും ചെയ്തതായി കാണാം.

ശൈഖ് ഇബ്നു ഉസൈമീൻ(റഹി) പറയുന്നു: 'ചെറിയ ചെറിയ ഭിന്നതകളും അഭിപ്രായവ്യത്യാസങ്ങളും സലഫുകളുടെ മാർഗത്തിൽനിന്ന് നമ്മെ പുറത്തു കളയുന്നില്ല. അത്തരം കാര്യങ്ങൾ തർക്കങ്ങൾക്കും വിഭാഗീയതകൾക്കും ശത്രുതക്കും വിദ്വേഷത്തിനും ഇടം നൽകുന്നതാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ സ്വഹാബത്തിന്റെ കാലഘട്ടത്തിൽതന്നെ ഉള്ളതായി നമുക്ക് കാണുവാൻ സാധിക്കും. അവരാരും അതിന്റെ പേരിൽ ശത്രുതയോടെ പെരുമാറുകയോ വിഭാഗീയതകൾ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. പ്രത്യുത ഒരേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒറ്റ സമൂഹമായിട്ടാണ് അവർ നിലകൊണ്ടത്. എല്ലാ വിഷയങ്ങളിലും എല്ലാവരും യോജിക്കുക എന്നത് സാധ്യമല്ല താനും'' (അൽഅഖല്ലിയ്യാത്തുൽ മുസ്ലിമ, പേജ് 48).

തർക്കങ്ങളും അഭിപ്രായാന്തരങ്ങളും ഏത് വിഷയങ്ങളിൽ ഉണ്ടാകുമ്പോഴും വിശുദ്ധ ക്വുർആനിലേക്കും പ്രവാചകാധ്യാപനങ്ങളിലേക്കും മടക്കി അതിന്റെ ശരിയായ പരിഹാരം കണ്ടെത്തി സത്യത്തിന്റെ മാർഗം പിൻപറ്റുവാനുള്ള മനസ്സും പരിശ്രമവുമാണ് ഓരോരുത്തർക്കും ഉണ്ടാകേണ്ടത്.

ശൈഖ് ഇബ്നു ഉസൈമീൻ(റഹി) തന്നെ പറയുന്നു: "എന്നാൽ ഏറ്റവും വലിയ പ്രശ്നം എന്ന് പറയുന്നത്, ചില യാളുകൾ ഏതെങ്കിലും ഒരു അഭിപ്രായം ശരിയായിക്കണ്ടാൽ അതൊരുപക്ഷേ, ഇജ്തിഹാദിയായ, തന്റെ പക്കൽ നിന്നുള്ള ഗവേഷണാത്മകമായ ഒരു വീക്ഷണമാകാം, അതല്ലെങ്കിൽ താൻ നല്ലതായി കരുതുന്ന ഏതെങ്കിലും ഒരാളുടെ അഭിപ്രായത്തെ അനുകരിച്ചുകൊണ്ടുള്ള അഭിപ്രായമായിരിക്കാമത്. ആളുകളെല്ലാവരും ആ അഭിപ്രായം തന്നെ സ്വീകരിക്കണമെന്ന് വാശിപിടിക്കുന്ന രീതി ഒരിക്കലും ശരിയല്ല'' (അൽഅഖല്ലിയ്യാത്തുൽ മുസ്ലിമ, പേജ് 49).

ഒരു പ്രബോധകന്റെ ചിന്തയും നിലപാടും എപ്പോഴും തെളിവും ന്യായവും പിന്തുണക്കുന്ന സത്യത്തെ സ്വീകരിക്കുക എന്നതായിരിക്കണം. പണ്ഡിതന്മാർക്കിടയിലുള്ള വീക്ഷണ വ്യത്യാസങ്ങളും അഭിപ്രായ ങ്ങളും തർക്കത്തിന്റെ ഹേതുവായിക്കൂടാ. അതുവഴി ഭിന്നതക്ക് വിത്തുപാകുവാൻ ഒരിക്കലും ശ്രമിക്കരുത്. അങ്ങനെ വന്നാൽ ദഅ്വത്തിന്റെ മേഖലയിലെ ഏറ്റവും വലിയ ഒരു പ്രതിസന്ധിയായിരിക്കും അത്.

ഇന്ന് പ്രബോധകർക്കിടയിൽ കാണുന്ന വലിയ ഒരു ദുരന്തമാണ് ശൈഖ് ഉസൈമീൻ(റഹി) ഇവിടെ എടുത്തുകാട്ടുന്നത്. മുഖ്യമായ വിഷയങ്ങളിൽ യോജിച്ച് ഒരേ ആദർശത്തിലേക്ക് മറ്റുള്ളവരെ ക്ഷണിക്കേണ്ട പ്രബോധകർ ഇത്തരം അഭിപ്രായവ്യത്യാസങ്ങളിൽ കക്ഷിചേരുകയും താന്താങ്ങളുടെ അഭിപ്രായങ്ങളെ പ്രമാണങ്ങളുടെ ഖണ്ഡിതമായ വാക്കുകളുടേതിന് സമാനമായി കാണുകയും അത് സ്വീകരിക്കാത്തവരെയെല്ലാം നേർമാർഗത്തിൽനിന്ന് വ്യതിചലിച്ചവരായി കാണുകയും ചെയ്യുന്നത് ഒരു യഥാർഥ പ്രബോധകന് ഒരിക്കലും ഭൂഷണമല്ല.

ഇജ്തിഹാദിയായ വിഷയങ്ങളിൽ വീക്ഷണ വ്യത്യാസങ്ങൾ സ്വാഭാവികമാണ്. അതിൽ വിശാലത കാണുന്നതോടൊപ്പം പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ട കാര്യങ്ങളിലേക്ക് മറ്റുള്ളവരെ തന്മയത്വത്തോടും ഗുണകാംക്ഷയോടും കൂടി ആത്മാർഥമായി ക്ഷണിക്കാനാണ് ഏതൊരാളും പരിശ്രമിക്കേണ്ടത്. എന്നാൽ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ, അതിൽ വിശാലമായ നിലപാടു സ്വീകരിച്ച് ആരെയും വിമർശിക്കാത്ത മൃദുസമീപനമാണ് ശരി എന്ന് വരുത്തുന്നതും പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട കാര്യങ്ങളിലേക്ക് ആളുകളെ ക്ഷണിക്കുന്നതിനെയും പ്രമാണങ്ങളുടെ പിൻബലമില്ലാത്ത ബാലിശമായ അഭിപ്രായങ്ങളെ വിമർശിക്കുന്നതിനെയും തീവ്രതയും സങ്കുചിതത്വവുമായി ചിത്രീകരിക്കുന്നതും ശരിയല്ല. ക്വുർആൻ പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും'' (4:59).

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുസ്സജദ

സാംഷ്ടാംഗം

(മക്കയിൽ അവതരിച്ചത്)

അധ്യായം 32

ذَٰلِكَ عَالِمُ الْغَيْبِ وَالشَّهَادَةِ الْعَزِيزُ الرَّحِيمُ ۝٦

الَّذِي أَحْسَنَ كُلَّ شَيْءٍ خَلَقَهُ ۖ وَبَدَأَ خَلْقَ الْإِنسَانِ
مِن طِينٍ ۝٧

ثُمَّ جَعَلَ نَسْلَهُ مِن سُلَالَةٍ مِّن مَّاءٍ مَّهِينٍ ۝٨

ثُمَّ سَوَّاهُ وَنَفَخَ فِيهِ مِن رُّوحِهِ ۖ وَجَعَلَ لَكُمُ
السَّمْعَ وَالْأَبْصَارَ وَالْأَفْئِدَةَ ۚ قَلِيلًا مَّا تَشْكُرُونَ ۝٩

وَقَالُوا أَإِذَا ضَلَلْنَا فِي الْأَرْضِ أَإِنَّا لَفِي خَلْقٍ جَدِيدٍ ۚ
بَلْ هُم بِلِقَاءِ رَبِّهِمْ كَافِرُونَ ۝١٠

۞ قُلْ يَتَوَفَّاكُم مَّلَكُ الْمَوْتِ الَّذِي وُكِّلَ بِكُمْ
ثُمَّ إِلَىٰ رَبِّكُمْ تُرْجَعُونَ ۝١١

6. അദൃശ്യവും ദൃശ്യവും അറിയുന്നവനും പ്രതാപിയും കരുണാനിധിയുമാകുന്നു അവൻ.
7. താൻ സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും വിശിഷ്ടമാക്കിയവനത്രെ അവൻ. മനുഷ്യന്റെ സൃഷ്ടി കളിമണ്ണിൽനിന്ന് അവൻ ആരംഭിച്ചു.
8. പിന്നെ അവന്റെ സന്തതിയെ നിസ്സാരമായ ഒരു വെള്ളത്തിന്റെ സത്തിൽ നിന്ന് അവൻ ഉണ്ടാക്കി.
9. പിന്നെ അവനെ ശരിയായ രൂപത്തിലാക്കുകയും തന്റെ വകയായുള്ള ആത്മാവ് അവനിൽ ഊതുകയും ചെയ്തു. നിങ്ങൾക്കവൻ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തു. കുറച്ചു മാത്രമെ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ.
10. അവർ (അവിശ്വാസികൾ) പറഞ്ഞു: 'ഞങ്ങൾ ഭൂമിയിൽ ലയിച്ച് അപ്രത്യക്ഷരായാൽ പോലും ഞങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുമെന്നോ?' അല്ല, അവർ തങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുന്നതിനെ നിഷേധിക്കുന്നവരാകുന്നു.
11. (നബിയേ,) പറയുക: നിങ്ങളുടെ കാര്യത്തിൽ ഏൽപിക്കപ്പെട്ട മരണത്തിന്റെ മലക്ക് നിങ്ങളെ മരിപ്പിക്കുന്നതാണ്. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുന്നതുമാണ്.

6) (അവൻ) അതായത് ഈ മഹത്തായ സൃഷ്ടിപ്പുകൾ നടത്തിയവനും മഹത്തായ സിംഹാസനത്തിനു മീതെ ആരോഹണം ചെയ്തവനും. അവന്റെ സാമ്രാജ്യത്തിന്റെ നിയന്ത്രണം അവനൊറ്റക്കാണ് നിർവഹിക്കുന്നത്. (അദൃശ്യവും ദൃശ്യവും അറിയുന്നവനും പ്രതാപിയും കരുണ ചൊരിയുന്നവനുമാകുന്നു അവൻ) അവന്റെ വിപുലമായ അറിവ്, അവന്റെ ശക്തിയുടെ പൂർണത, അവന്റെ സർവത്ര കാരുണ്യം എന്നിവയിൽ അവൻ അവയെ സൃഷ്ടിച്ചു. അതിൽ എല്ലാവിധ നേട്ടങ്ങളും സന്നിവേശിപ്പിച്ചു. അതിനെ നിയന്ത്രിക്കാനും അതിന്റെ കാര്യങ്ങൾ ചെയ്യാനും അവന് ഒരു പ്രയാസവും ഉണ്ടായില്ല.

7) (താൻ സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും വിശിഷ്ടമാക്കിയവനത്രെ അവൻ) അതായത്, അല്ലാഹു സൃഷ്ടിച്ചതെല്ലാം നന്നായി സൃഷ്ടിച്ചു. അതിന് അനുയോജ്യമായ രൂപം നൽകി. ഇത് എല്ലാ സൃഷ്ടികളെയും കുറിച്ചുള്ള പൊതുപ്രയോഗമാണ്. പിന്നെ മനുഷ്യനെ അവന്റെ മാന്യതയും മഹത്ത്വവും കാരണം പ്രത്യേകമാക്കി. എന്നിട്ടവൻ പറയുന്നു: (മനുഷ്യന്റെ സൃഷ്ടി കളിമണ്ണിൽനിന്ന് അവൻ ആരംഭിച്ചു) അത് മനുഷ്യപിതാവായ ആദം നബി(അ)യുടെ സൃഷ്ടിപ്പാണ്.

8) (പിന്നീട് അവന്റെ സന്തതിയെ അവനുണ്ടാക്കി) അതായത് ആദമിന്റെ സന്തതികൾ ഉണ്ടായത്. (നിസ്സാരമായ ഒരു വെള്ളത്തിന്റെ സത്തിൽനിന്ന് അവനുണ്ടാക്കി) വൃത്തികെട്ടതും അപ്രാധാന്യവുമായി കണക്കാക്കപ്പെടുന്ന ബീജത്തിൽനിന്ന്.

9) (പിന്നെ അവനെ ശരിയായ രൂപത്തിലാക്കുകയും) പിന്നെ അവൻ മാംസവും ഞരമ്പുകളും പേശികളും അവയവങ്ങളും കൊണ്ട് അവനെ രൂപപ്പെടുത്തി. ആ സൃഷ്ടിപ്പിനെ അവൻ നന്നാക്കി. ഓരോ അവയവത്തെയും അനുയോജ്യമായ സ്ഥലത്ത് സ്ഥാപിച്ചു. മറ്റൊരു സ്ഥലവും അതിന് ഇതിനെക്കാൾ മികച്ചതായിരിക്കില്ല.

(തന്റെ വകയായുള്ള ആത്മാവ് അവനിൽ ഊതുകയും ചെയ്തു) മലക്കിനെ അയച്ച് അവനുവേണ്ടി സൃഷ്ടിച്ച ആത്മാവിനെ അവനിൽ ഊതി. അല്ലാഹുവിന്റെ അനുമതിയാൽ അവൻ നിർജീവനായിരുന്നതിന് ശേഷം ജീവനുള്ളവനായി. (നിങ്ങൾക്കവൻ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തു) ഓരോരോ ഉപകാരം അവൻ നിങ്ങൾക്ക് ചെയ്ത് തന്നുകൊണ്ടിരുന്നു. (കുറച്ച് മാത്രമെ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ) നിങ്ങളെ സൃഷ്ടിക്കുകയും രൂപപ്പെടുത്തുകയും ചെയ്തവന്.

10) അതായത്, ഉയിർത്തെഴുന്നേൽപിൽ വിശ്വസിക്കാത്തവർ അതിവിദൂരമാണെന്ന നിലയ്ക്ക് പറയുന്നു. (നാം ഭൂമിയിൽ ലയിച്ച് അപ്രത്യക്ഷരായാൽ) അതായത് നാം ശിഥിലമാവുകയും നമ്മുടെ ശരീരാവശിഷ്ടങ്ങൾ ചിതറി അജ്ഞാത സ്ഥലങ്ങളിലേക്ക് പോവുകയും ചെയ്താൽ നാം പുതുതായി സൃഷ്ടിക്കപ്പെടുമോ? അതായത്, നാം വീണ്ടും ഉയിർത്തെഴുന്നേൽപിക്കപ്പെടുമോ? അവരുടെ വാദപ്രകാരം ഇത് അങ്ങേയറ്റം അസംഭവ്യമായ കാര്യമാണ്. അവർക്ക് സംഭവിച്ചത് അവർ സ്രഷ്ടാവിന്റെ കഴിവിനെ സൃഷ്ടികളുടെ കഴിവിനോട് സമാനപ്പെടുത്തിയതാണ്.

അവരുടെ ഈ വാക്കുകൾ സത്യമന്വേഷിക്കുന്നവരുടേതല്ല. മറിച്ച് ഇത് ധിക്കാരവും അക്രമവും തങ്ങളുടെ രക്ഷിതാവിന്റെ കണ്ടുമുട്ടുമെന്നതിനെ നിഷേധിക്കലുമാണ്. അല്ലാഹു പറയുന്നു: (അവർ തങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുന്നതിനെ നിഷേധിക്കുന്നവരാകുന്നു) ഈ പ്രസ്താവനയുടെ അടിസ്ഥാനവും ലക്ഷ്യവും വ്യക്തമാണ്. അവരുടെ ലക്ഷ്യം സത്യം കണ്ടെത്തലായിരുന്നുവെങ്കിൽ ക്വുർആൻ അവർക്ക് പകൽ വെളിച്ചം പോലെ വ്യക്തമായ തെളിവ് നൽകുമായിരുന്നു.

ശൂന്യതയിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത് എന്ന് അവർക്ക് അറിയാം. അവരെ വീണ്ടും സൃഷ്ടിക്കുന്നത് ആദ്യ സൃഷ്ടിപ്പിനെക്കാൾ എളുപ്പമാണ്. മറ്റൊരു തെളിവ് നിർജീവമായ ഭൂമിയാണ്. അല്ലാഹു അതിൽ മഴ പെയ്യിപ്പിക്കുകയും അതിന്റെ നിർജീവതയ്ക്കുശേഷം അതിനെ പുനരുജ്ജീവിപ്പിക്കുകയും ചിതറിയ വിത്തുകളിൽനിന്ന് സസ്യങ്ങൾ മുളപ്പിക്കുകയും ചെയ്യുന്നു.

(നിങ്ങളുടെ കാര്യത്തിൽ ഏൽപിക്കപ്പെട്ട മരണത്തിന്റെ മലക്ക് നിങ്ങളെ മരിപ്പിക്കുന്നതാണ്) അതായത് ആളുകളുടെ ആത്മാവിനെ പിടിക്കാൻ അല്ലാഹു ഒരു മലക്കിനെ നിയോഗിച്ചിരിക്കുന്നു. അതിന് സഹായികളുണ്ട്. (പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതുമാണ്) അപ്പോൾ അവൻ നിങ്ങളുടെ പ്രവൃത്തികൾക്ക് പ്രതിഫലം നൽകും. എന്നാൽ നിങ്ങൾ പുനരുദ്ധാനത്തെ നിഷേധിച്ചു. അതിനാൽ അല്ലാഹു നിങ്ങളെ എന്ത് ചെയ്യുമെന്ന് കാത്തിരുന്ന് കാണുക.

# പ്രാർഥനയും കൈ ഉയർത്തലും

ശൈഖ് സുലൈമാൻ റുഹൈലി

ആശയ വിവർത്തനം:
മുജാഹിദ് അൽഹികമി പറവണ്ണ
(ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ)



**? എപ്പോഴും കൈ ഉയർത്തിയാണോ പ്രാർഥിക്കേണ്ടത്, അതല്ല, കൈ ഉയർത്തി പ്രാർഥിക്കാൻ പാടില്ലാത്ത സമയങ്ങളുണ്ടോ?**

മദീന യൂണിവേഴ്സിറ്റി പ്രൊഫസറും മസ്ജിദുന്നബവിയിലെ അധ്യാപകനും മസ്ജിദു ക്വുബായിലെ ഖത്വീബുമായ ശൈഖ് സുലൈമാൻ റുഹൈലി(ഹഫി) പറയുന്നു:

“പ്രാർഥനയുടെ സമയത്ത് കൈ ഉയർത്തുന്നതിനു മൂന്ന് അവസ്ഥകളാണുള്ളത്: ഒന്നാമത്തെത്, നബി(സ്വ) പ്രാർഥിക്കുകയും കൈ ഉയർത്തുകയും ചെയ്ത സമയങ്ങൾ. ഈ സമയങ്ങളിൽ പ്രാർഥിക്കുമ്പോൾ കൈകൾ ഉയർത്തൽ സുന്നത്തും ആരാധനയുമാണ്.

അതിന് ഉദാഹരണമാണ് സ്വഫയും മർവയും കയറുന്ന സമയത്ത് പ്രാർഥിക്കുമ്പോൾ കൈ ഉയർത്തുന്നതും ഒന്നാമത്തെ ജംറയിൽ കല്ലെറിഞ്ഞശേഷം കൈ ഉയർത്തി പ്രാർഥിക്കുന്നതും. ഇവിടെയൊക്കെ, പ്രാർഥിക്കുമ്പോൾ കൈ ഉയർത്തൽ സുന്നത്തും ആരാധനയുമാണ്. കാരണം, ഇതൊക്കെ നബി(സ്വ) കൈ ഉയർത്തി പ്രാർഥിച്ച സന്ദർഭങ്ങളാണ്.

രണ്ടാമത്തെത്, നബി(സ്വ) പ്രാർഥിക്കുകയും കൈകൾ ഉയർത്താതിരിക്കുകയും ചെയ്ത സന്ദർഭങ്ങളാണ്. ഈ സമയത്ത് പ്രാർഥിക്കുമ്പോൾ കൈ ഉയർത്തൽ ബിദ്അത്താണ്. (കാരണം, നബി(സ്വ) ഉയർത്തിയിട്ടില്ല). അതിന് ഉദാഹരണമാണ് ഖുത്വുബയുടെ സമയത്ത് മഴക്ക് വേണ്ടിയുള്ള പ്രാർഥനക്കല്ലാതെ കൈ ഉയർത്തി പ്രാർഥിക്കൽ.

മഴക്ക് വേണ്ടിയല്ലാതെ, ഖുത്വുബകളിൽ നബി(സ്വ) പ്രാർഥിച്ചതായി സ്ഥിരപ്പെട്ടിട്ടില്ലെന്ന് ചിലർ പറയാറുണ്ട്. അത് ശരിയല്ല. നബി(സ്വ) ഖുത്വുബക്കിടയിൽ മഴക്ക് വേണ്ടിയല്ലാതെ തന്നെ പ്രാർഥിച്ചിട്ടുണ്ടെന്നത് ഉറപ്പാണ്. ആ സമയത്ത് നബി(സ്വ) ചൂണ്ടുവിരൽ ഉയർത്തിയിരുന്നു. (മുസ്‌ലിം: 874).

എന്നാൽ ഖുത്വുബക്കിടയിൽ ഏത് സമയത്താണ് നബി(സ്വ) പ്രാർഥിച്ചതെന്ന് ഉദ്ധരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട്, ഖത്വീബ് കഴിയുമെങ്കിൽ എപ്പോഴും ഒരേ സമയത്ത് പ്രാർഥിക്കാതെ, ഇടയ്ക്ക് ഒന്നാമത്തെ ഖുത്വുബയിലും ഇടയ്ക്ക് രണ്ടാമത്തെ ഖുത്വുബയിലുമൊക്കെ പ്രാർഥിക്കുന്നതാണ് ഏറ്റവും നല്ലത്. രണ്ടാമത്തെ ഖുത്വുബയുടെ അവസാനത്തിൽ പ്രാർഥിക്കൽ പ്രത്യേകം സുന്നത്താണെന്ന് ജനങ്ങൾ തെറ്റിദ്ധരിക്കാതിരിക്കാൻ അതാണ് നല്ലത്.

പ്രാർഥിക്കുമ്പോൾ കൈ ഉയർത്താൻ പാടില്ലാത്തതിന് മറ്റൊരു ഉദാഹരണമാണ് ത്വവാഫിന്റെ സമയം. കഅ്ബയെ ത്വവാഫ് ചെയ്യുന്ന സമയത്ത് പ്രാർഥിക്കുമ്പോൾ കൈ ഉയർത്തൽ ബിദ്അത്താണ്. കാരണം, ആ സമയത്ത് നബി(സ്വ) കൈ ഉയർത്തിയിട്ടില്ല.

മൂന്നാമത്തെത്; നബി(സ്വ) പ്രാർത്ഥിച്ചുവെന്നോ കൈ ഉയർത്തിയെന്നോ സ്ഥിരപ്പെട്ട് വരാത്ത സമയങ്ങളാണ്. ഇതിൽ, പ്രാർഥനക്ക് ഉത്തരം

കിട്ടുമെന്ന് നബി(സ്വ) പഠിപ്പിച്ച സന്ദർഭങ്ങളും അല്ലാത്തവ യുമുണ്ടാകും. ഇങ്ങനെയുള്ള സമയങ്ങളിൽ, പ്രാർഥനയുടെ പൊതു മര്യാദ എന്ന നിലയ്ക്ക് കൈ ഉയർത്തുന്നത് ഉത്തരം കിട്ടാനുള്ള കാരണങ്ങളിലൊന്നാണ്. എന്നാൽ, ഇടയ്ക്ക് ഒഴിവാക്കുന്നതും നല്ലതാണ്. അല്ലെങ്കിൽ ചിലപ്പോഴത് സുന്നത്താണെന്ന് തെറ്റിദ്ധരിക്കാൻ ഇടയുണ്ട്.

ബാങ്കിന്റെയും ഇഖാമത്തിന്റെയും ഇടയിലുള്ള സമയത്ത് പ്രാർഥിക്കുമ്പോൾ കൈ ഉയർത്തുന്നത് ഈ വകുപ്പിലാണ് വരിക. ബാങ്കിന്റെയും ഇഖാമത്തിന്റെയും ഇടയിലുള്ള സമയത്ത് നബി(സ്വ) പ്രാർഥിച്ചുവെന്നോ പ്രാർഥിച്ചില്ല എന്നോ, കൈ ഉയർത്തിയെന്നോ ഉയർത്തിയില്ല എന്നോ ഉദ്ധരിക്കപ്പെട്ടിട്ടില്ല. എന്നാൽ, അത് പ്രാർഥനക്ക് ഉത്തരം കിട്ടുന്ന സമയമാണെന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്. അപ്പോൾ, ആ സമയത്ത് പ്രാർഥനയുടെ പൊതുമര്യാദയെന്ന നിലക്ക് കൈ ഉയർത്തി പ്രാർഥിക്കുന്നത് ഉത്തരം കിട്ടാനുള്ള കാരണമാണ്. എന്നാൽ, കൈ ഉയർത്തൽ ഒരു പതിവാക്കാതെ, ഇടയ്ക്കൊക്കെ ബാങ്കിനും ഇഖാമത്തിനുമിടയിൽ കൈ ഉയർത്താതെ പ്രാർഥിക്കുന്നതും നല്ലതാണ്. കാരണം, എപ്പോഴും കൈ ഉയർത്തിയാൽ, പ്രാർഥിക്കുന്നവനോ അല്ലെങ്കിൽ മറ്റുള്ളവരോ അത് സുന്നത്താണെന്ന് കരുതും.”

വിവർത്തകൻ:

നബി(സ്വ) പറഞ്ഞു: “തീർച്ചയായും നിങ്ങളുടെ റബ്ബ് ലജ്ജയുള്ളവനും മാന്യനുമാണ്; തന്റെ അടിമ അവനിലേക്ക് ഇരുകരങ്ങളും ഉയർത്തിയാൽ, ഒന്നുമില്ലാതെ അവ മടക്കുന്നതിൽ അവൻ ലജ്ജിക്കുന്നു” (അബൂദാവൂദ്: 1488).

പ്രാർഥിക്കുമ്പോൾ കൈകൾ ഉയർത്തുന്നത് പ്രാർഥനയുടെ പൊതുമര്യാദയും ഉത്തരം കിട്ടാനുള്ള കാരണങ്ങളിൽ ഒന്നുമാണ്.

എന്നാൽ, നബി(സ്വ) പ്രാർഥിക്കുകയും കൈകൾ ഉയർത്താതിരിക്കുകയും ചെയ്ത സന്ദർഭങ്ങളിൽ കൈയുയർത്തി പ്രാർഥിക്കുന്നത് ബിദ്അത്താണ്. അവിടെ കൈകൾ ഉയർത്താതിരിക്കലാണ് സുന്നത്ത്. ■



കവിത

ഹുസ്ന മുഹമ്മദലി എൻ.എം.

# കാരുണ്യത്തിന്റെ മാസം

റഹ്മാൻ നൽകിയ കാരുണ്യത്തിൻ
റമദാൻ ആഗതമായല്ലോ.
റഹ്മത്തേറെയിറങ്ങും മാസമിൽ
റബ്ബിൻ മുന്നിൽ ശുക്റോതാം.
അലസത കാട്ടാനല്ല റമദാൻ
അതു നാം മനസ്സിലാക്കേണം.
മനസ്സറിഞ്ഞൊരു പ്രാർഥനയാൽ
നിത്യം രാവുകളുണരുന്നേ.
വിശ്വാസത്തിൻ വിശുദ്ധിയോടെ
വിനയത്തോടെ തേടുന്നേ.
ഖൽബിൻ ശുദ്ധി വരുത്താനായ്
നോമ്പുകൾ നോൽക്കും വിശ്വാസി.
പാപം കഴുകിക്കളയാനായ്
പശ്ചാത്താപം ചെയ്യുന്നേ.
അഹദവനേകിയ അത്ഭുത ഗ്രന്ഥം
അവതരിച്ചതു റമദാനിൽ.
അൽഖുർആനിൻ കൂടെ നടക്കാം
അതിന്റെ പൊരുളെന്തറിഞ്ഞിടാം.
അറിഞ്ഞിടേണം അവസരമാണിത്
തെറ്റിൻ പാതകൾ വെടിയാനായ്.
നന്മക്കൊപ്പം ചേർന്നു നിൽക്കാം
നല്ലതു മാത്രം ചെയ്തീടാം.
മരണം വന്നു വിളിക്കും മുമ്പേ
മനസ്സു നന്നാക്കീടുക നാം.
■





സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157

# റമദാൻ; അവസരങ്ങൾ പാഴാക്കരുത്

“

ഖുദ്സിയായ ഹദീസിൽ തിരുദൂതർ(സ്വ) പറയുന്നു: “ആദം സന്തതിയുടെ ഓരോ സൽകർമത്തിനും പത്തു മുതൽ എഴുനൂറ് ഇരട്ടികളായി പ്രതിഫലം നൽകപ്പെടും. അല്ലാഹു പറയുന്നു: നോമ്പ് ഒഴികെ, അത് എനിക്കുള്ളതാണ്. ഞാനാണ് അവന് പ്രതിഫലം നൽകുക” (മുസ്‌ലിം)

**റമദാൻ നോമ്പ് നിർബന്ധം**

പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു വിശ്വാസികൾക്ക് നോമ്പ് നിർബന്ധമാക്കിക്കൊണ്ട് പറഞ്ഞു: “സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ധർമനിഷ്ഠയുള്ളവരായിത്തീരാൻ വേണ്ടിയാണത്” (അൽബക്വറ: 183).

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ പെട്ട ഒന്നായി നബി(സ്വ) നോമ്പിനെയും എണ്ണിയതായി ഹദീസിൽ കാണാം (ബുഖാരി, മുസ്‌ലിം).

റമദാനിലെ വ്രതാനുഷ്ഠാനം നിർബന്ധമാണെന്നതിലും അത് ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാണെന്നതിലും മുസ്‌ലിം സമുദായം ഏകാഭിപ്രായക്കാരാണ്.

**നോമ്പിന്റെ ചരിത്രം**

നോമ്പ് മുൻ സമുദായങ്ങളിലും നിലനിന്നിരുന്ന പൗരാണികമായ ഒരു ആരാധനയാണ്. മുകളിലുദ്ധരിച്ച ക്വുർആൻ സൂക്തത്തിൽനിന്നും അത് വ്യക്തമാണ്.

യഹൂദികൾക്ക് അല്ലാഹു നോമ്പ് നിർബന്ധമാക്കിയിരുന്നു. അത് അവർ അംഗീകരിച്ച് വന്നിരുന്ന അവരുടെ വർഷത്തിലെ ഏഴാമത്തെ മാസത്തെ പത്താം ദിനത്തിലായിരുന്നു. അതിന് 'തിസ്‌രി' എന്നായിരുന്നു പറഞ്ഞിരുന്നത് എന്ന് ചരിത്ര ഗ്രന്ഥങ്ങളിൽ കാണാം. ഈ ദിനത്തെ തിന്മകളുടെ പ്രായശ്ചിത്ത ദിനമായി കണ്ടുകൊണ്ടായിരുന്നു അവർ നോമ്പനുഷ്ഠിച്ചിരുന്നത്. അതുകൊണ്ട് അവരതിന് 'കബ്ബൂർ' എന്നും പറഞ്ഞിരുന്നു. ശേഷം അവരുടെ പാതിരിമാർ അവർക്ക് വേറെ നാല് ദിവസം കൂടി നോമ്പ് നിർബന്ധമാക്കുകയുണ്ടായി. അവ ബൈത്തുൽ മുഖദ്ദസുമായി ബന്ധപ്പെട്ട സംഭവവികാസങ്ങളെ അനുസ്മരിച്ചുകൊണ്ട് അവരുടെ വർഷത്തിലെ നാല്, അഞ്ച്, ഏഴ്, പത്ത് മാസങ്ങളിൽ ഓരോ ദിനമായിരുന്നു.

അതുപോലെ 'ഇസ്തീർ' എന്ന സംഭവത്തിൽ വൈദേശികനായ 'ഇഹ്ശുവൈറൂശ്' രാജാവിന്റെ കോപത്തിൽനിന്ന് രക്ഷപ്പെട്ടതിന്റെ ഓർമക്കായി 'ബൂർയം' എന്ന ദിവസവും അവർ നോമ്പനുഷ്ഠിച്ചിരുന്നു. ഐച്ഛിക നോമ്പും അവർക്കുണ്ടായിരുന്നു.

"അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള നോമ്പ് ദാവൂദിന്റെ നോമ്പാകുന്നു. അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള നമസ്കാരം ദാവൂദിന്റെ നമസ്കാരമാകുന്നു. അദ്ദേഹം രാത്രിയുടെ പകുതി ഉറങ്ങും, മൂന്നിലൊന്ന് സമയം നിന്ന് നമസ്കരിക്കും. ശേഷം ആറിലൊന്ന് ഉറങ്ങുകയും ഒന്നിടവിട്ട് നോമ്പനുഷ്ഠിക്കുകയും ചെയ്തിരുന്നു" (ബുഖാരി, മുസ്‌ലിം).

അതുപോലെ മുഹർറം പത്തിന്റെ ആശൂറാഅ് നോമ്പും അവർ അനുഷ്ഠിച്ചിരുന്നു. "നബി(സ്വ) മദീനയിൽ വന്നപ്പോൾ യഹൂദികൾ ആശൂറാഅ് ദിവസം നോമ്പനുഷ്ഠിക്കുമായിരുന്നു. നബി(സ്വ) ചോദിച്ചപ്പോൾ അവർ പറഞ്ഞു: 'മൂസാ ഫിർഔനിൽ നിന്ന് രക്ഷപ്പെട്ട ദിനമാണ്.' അപ്പോൾ നബി(സ്വ) തന്റെ അനുചരന്മാരോടായി പറയുകയുണ്ടായി: 'അവരെക്കാൾ മൂസായോട് ഏറ്റവും അവകാശമുള്ളത് നിങ്ങൾക്കാണ്.' അങ്ങനെ അവർ (സ്വഹാബികൾ) ആ ദിവസം നോമ്പനുഷ്ഠിച്ചു" (ബുഖാരി).

നസ്വാറാക്കളും (ക്രൈസ്തവർ) ജൂതന്മാരെ ഈ നോമ്പിൽ പിൻപറ്റിയിരുന്നു. ഇസ്മാഈൻ ഇബ്നു ഉമയ്യഃ പറയുന്നു: അബൂഗത്വ്ഫാനുബ്നു ത്വുറൈഫ് അൽമിർരി(റ) നിവേദനം, അബ്ദുല്ലാഹ് ഇബ്നു അബ്ബാസ്(റ) പറയുന്നതായി ഞാൻ കേട്ടു: "അല്ലാഹുവിന്റെ റസൂൽ(സ്വ) ആശൂറാഅ് നോമ്പനുഷ്ഠിക്കുകയും നോമ്പനുഷ്ഠിക്കാൻ കൽപിക്കുകയും ചെയ്തപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ജൂത-ക്രൈസ്തവർ ഈ ദിവസത്തെ മഹത്ത്വപ്പെടുത്തുന്നുവല്ലോ.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അടുത്ത വർഷമായാൽ അല്ലാഹു ഉദ്ദേശിച്ചാൽ ഒൻപതാം ദിവസം (താസൂആഅ്) നമ്മളും നോമ്പനുഷ്ഠിക്കും'' (മുസ്‌ലിം).

മസീഹ്(അ) പ്രവാചകത്വത്തിന് മുമ്പ് നാൽപത് ദിവസം നോമ്പനുഷ്ഠിച്ചിരുന്നുവെന്നതിനാൽ ക്രൈസ്തവ പുരോഹിതന്മാർ അവർക്ക് നാൽപത് ദിവസത്തെ നോമ്പ് നിയമമാക്കുകയുണ്ടായി. അതുപോലെ പശ്ചാത്താപം ചെയ്താലും അവർ നോമ്പ് നേർച്ചയാക്കി അനുഷ്ഠിക്കാറുണ്ടായിരുന്നു. ഇവരുടെ നോമ്പിന് ലഘുഭക്ഷണം അനുവദനീയമായിരുന്നു. (ഈ ചരിത്രം 'ഇസ്‌ലാം വെബ്' എന്ന സൈറ്റിൽനിന്ന്).

ജാഹിലിയ്യ കാലഘട്ടത്തിൽ ക്വുറൈശികൾ ആശൂറാഅ് നോമ്പ് അനുഷ്ഠിച്ചിരുന്നു. നബി(സ്വ) മദീനയിൽ വന്നപ്പോൾ ആശൂറാഅ് നോമ്പനുഷ്ഠിക്കാൻ വിശ്വാസികളോട് കൽപിക്കുകയും ചെയ്തു. ഹിജ്‌റ രണ്ടാം വർഷം റമദാൻ നോമ്പ് നിർബന്ധമാക്കപ്പെട്ടപ്പോൾ ആശൂറാഇന്റെ നോമ്പ് ഐച്ഛികമാക്കി.

**ശ്രേഷ്ഠത**

വ്രതമനുഷ്ഠിക്കുന്നത് വർധിച്ച പ്രതിഫലം ലഭിക്കുന്ന മഹത്തായ ഒരു ആരാധനാകർമമാണ്. ഖുദ്സിയായ ഹദീസിൽ തിരുദൂതർ(സ്വ) പറയുന്നു: "ആദം സന്തതിയുടെ ഓരോ സൽകർമത്തിനും പത്തുമുതൽ എഴുനൂറ് ഇരട്ടികളായി പ്രതിഫലം നൽകപ്പെടും. അല്ലാഹു പറയുന്നു: നോമ്പ് ഒഴികെ, അത് എനിക്കുള്ളതാണ്. ഞാനാണ് അവന് പ്ര

തിഫലം നൽകുക" (മുസ്‌ലിം).

ഈ ഹദീസിൽനിന്നുതന്നെ നമുക്ക് നോമ്പിന്റെ പ്രത്യേകതയും ശ്രേഷ്ഠതയും മനസ്സിലാക്കാനാവുന്നതാണ്.

പ്രവാചകൻ(സ്വ) പറയുന്നു: "സ്വർഗത്തിൽ 'റയ്യാൻ' എന്നൊരു കവാടമുണ്ട്. നോമ്പുകാർക്ക് മാത്രമെ അന്ത്യനാളിൽ ആ കവാടത്തിലൂടെ പ്രവേശിക്കാനാകൂ. മറ്റാർക്കും അതിലൂടെ പ്രവേശനമില്ല. അവിടെ വെച്ച് 'നോമ്പുകാർ എവിടെ' എന്ന് വിളംബരമുണ്ടാകും. അപ്പോൾ അവരെല്ലാവരും അതിലൂടെ കടന്നുപോകും. പിന്നെ ആ കവാടം അടക്കപ്പെടും. വേറെ ആരും തന്നെ അതിലൂടെ പ്രവേശിക്കുകയില്ല" (ബുഖാരി, മുസ്‌ലിം).

**നോമ്പ് നിയമമാക്കിയതിലെ തത്ത്വം**

മനുഷ്യമനസ്സിനെ ദുഃസ്വഭാവങ്ങളിൽനിന്നും വിമലീകരിക്കുക, ഭൗതിക സുഖഭോഗങ്ങളോട് വിരക്തിയുണ്ടാക്കുക, ശരീരത്തിൽ പിശാചിന്റെ സഞ്ചാരത്തിന് തടസ്സമുണ്ടാക്കുക, പാവപ്പെട്ടവരുടെ പ്രശ്നങ്ങളിൽ സഹാനുഭൂതിയും സഹതാപവുമുണ്ടാക്കുക, സർവോപരി പരലോക ചിന്തയുണ്ടാക്കുക തുടങ്ങി ഒരു വിശ്വാസിയെ വിശുദ്ധ ജീവിതത്തിന് പരിശീലനം നൽകുവാൻ ഉപയുക്തമായതാണ് വ്രതാനുഷ്ഠാനം.

റമദാൻ വ്രതം, പ്രായശ്ചിത്ത വ്രതം, നേർച്ചയാക്കിയ വ്രതം തുടങ്ങിയ, നിർബന്ധമായും നിർവഹിക്കേണ്ട വ്രതത്തിന് പ്രഭാതത്തിനു മുമ്പ് നിയ്യത്ത്(ഉദ്ദേശ്യം) അനിവാര്യമാണ്. നിയ്യത്ത് എന്നത് അർഥമറിയാത്ത വാചകങ്ങൾ ഉരുവിടലല്ല; മനസ്സിൽ കരുതലാകുന്നു. ആഇശ(റ)യിൽനിന്നും ഉദ്ധരിക്കപ്പെടുന്ന ഒരു ഹദീസിൽ

മനുഷ്യമനസ്സിനെ ദുഃസ്വഭാവങ്ങളിൽനിന്നും വിമലീകരിക്കുക, ഭൗതിക സുഖഭോഗങ്ങളോട് വിരക്തിയുണ്ടാക്കുക, ശരീരത്തിൽ പിശാചിന്റെ സഞ്ചാരത്തിന് തടസ്സമുണ്ടാക്കുക, പാവപ്പെട്ടവരുടെ പ്രശ്നങ്ങളിൽ സഹാനുഭൂതിയും സഹതാപവുമുണ്ടാക്കുക, സർവോപരി പരലോക ചിന്തയുണ്ടാക്കുക തുടങ്ങി ഒരു വിശ്വാസിയെ വിശുദ്ധ ജീവിതത്തിന് പരിശീലനം നൽകുവാൻ ഉപയുക്തമായതാണ് വ്രതാനുഷ്ഠാനം.

ഇങ്ങനെ കാണാം: "പ്രഭാതത്തിന് മുമ്പേ നോമ്പെടുക്കണമെന്ന് തീരുമാനിക്കാത്തവന് നോമ്പുണ്ടായിരിക്കുകയില്ല" (അഹ്‌മദ്, ഇബ്നു ഹിബ്ബാൻ).

ഐഛിക വ്രതമാണെങ്കിൽ പ്രഭാതോദയത്തിന് ശേഷം നോമ്പു മുറിയുന്ന സംഗതിയൊന്നുമുണ്ടായില്ലെങ്കിൽ പകൽസമയത്ത് നിയ്യത്തുണ്ടായാൽ അതു മതിയാകുന്നതാണ്. ആഇശ(റ) പറയുന്നത് ശ്രദ്ധിക്കുക: "ഒരു ദിവസം (പകലിൽ) നബി(സ്വ) എന്റെയടുത്ത് കടന്നുവന്ന് ചോദിച്ചു: 'കഴിക്കുവാൻ വല്ലതുമുണ്ടോ?' ഞാൻ പറഞ്ഞു: 'ഒന്നുമില്ല.' നബി(സ്വ) പറഞ്ഞു: 'എങ്കിൽ ഞാൻ നോമ്പുകാരനാവുകയാണ്' (മുസ്‌ലിം).

**എന്താണ് 'സ്വൗം?'**

നോമ്പ് എന്ന് അർഥം പറയാറുള്ള 'സ്വൗം' എന്ന അറബി പദത്തിന് ഭാഷയിൽ 'തടഞ്ഞു നിറുത്തുക,' 'പിടിച്ചു നിറുത്തുക' എന്നൊക്കെയാണ് അർഥം. എന്നാൽ ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിൽ രണ്ടാം ഫജ്ർ(പ്രഭാതം) മുതൽ സൂര്യാസ്തമയംവരെ വ്രതത്തെ അസാധുവാക്കുന്ന കാര്യങ്ങളിൽനിന്നും അകന്നു നിൽക്കുന്ന ഒരു ആരാധനാകർമമാണ് 'സ്വൗം.'

**ഇഖ്‌ലാസ് (ആത്മാർഥത) അനിവാര്യം**

പുണ്യകർമങ്ങൾ ഭൗതിക താൽപര്യമൊന്നുമില്ലാതെ, തികച്ചും അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട് നിർവഹിക്കണം.

നബി(സ്വ) പറയുന്നത് കാണുക: അബൂഹുറയ്റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും (ഈമാനൻ വ ഇഹ്തിസാബൻ) റമദാനിൽ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളിൽനിന്ന് പൊറുത്തു കൊടു

ക്കുന്നതാണ്'' (ബുഖാരി).

ഖത്വാബി(റഹി) പറയുന്നു: ''ദൃഢമായ ഉദ്ദേശ്യത്തോടെ, സത്യപ്പെടുത്തി, പ്രതിഫലം ആഗ്രഹിച്ച്, സന്മനസ്സോടെ, ആരുടെയും നിർബന്ധത്തിനു വഴങ്ങിയല്ലാതെ, ഒരു ഭാരമാണെന്ന മനോഭാവമില്ലാതെ, ദൈർഘ്യമുള്ളതും ഉഷ്ണമുള്ളതുമായ ദിവസമാണെന്ന തോന്നലില്ലാതെ, നോമ്പിന്റെ സമയം മുഴുവനും മഹത്തായ പ്രതിഫലം പ്രതീക്ഷിക്കുകയെന്നാണ് 'ഈമാനൻ വ ഇഹ്തിസാബൻ' എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.''

ബഗ്‌വി(റഹി) പറയുന്നു: ''ഇഹ്തിസാബൻ' എന്നതുകൊണ്ട്, ഉന്നതനായ അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ആവശ്യപ്പെടുകയെന്നാണ് ഉദ്ദേശിക്കുന്നത്'' (സ്വഹീഹുത്തർഗീബ്, പേജ് 582).

നോമ്പും ക്വുർആനും ശുപാർശ പറയും

അബ്ദുല്ലാഹ് ഇബ്നു അംറ്(റ) നിവേദനം, പ്രവാചകൻ(സ്വ) പറയുന്നു: ''നോമ്പും ക്വുർആനും അടിമകൾക്ക് വേണ്ടി ശുപാർശ പറയുന്നതാണ്. നോമ്പ് പറയും: 'എന്റെ രക്ഷിതാവേ, പകലിൽ ഞാൻ അവന്റെ ഭക്ഷണവും ആഗ്രഹങ്ങളും തടഞ്ഞിരുന്നു. ആയതിനാൽ അവനുവേണ്ടി എന്റെ ശുപാർശ നീ സ്വീകരിക്കേണമേ.' ക്വുർആൻ പറയും: 'രാത്രിയിൽ അവന്റെ ഉറക്കം ഞാൻ തടഞ്ഞിരുന്നു. ആയതിനാൽ അവനുവേണ്ടി എന്റെ ശുപാർശ സ്വീകരിക്കേണമേ...' (അഹ്മദ് ഉദ്ധരിച്ചതും, അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചതുമായ ഹദീസ്).

**അവസാനത്തെ പത്തിൽ കൂടുതൽ പരിശ്രമിക്കുക**

ആഇശ(റ) പറയുന്നു: ''അവസാനത്തെ പത്ത് കടന്നുവന്നാൽ തിരുമേനി(സ്വ) രാത്രിയെ ജീവിപ്പിക്കുകയും തന്റെ വീട്ടുകാരെ വിളിച്ചുണർത്തുകയും മുണ്ട് മുറുക്കിയുടുക്കുകയും (ആരാധനാനുഷ്ഠാനങ്ങൾക്കായി കഠിന പരിശ്രമം നടത്തുക) ചെയ്യുമായിരുന്നു'' (ബുഖാരി, മുസ്‌ലിം).



**ലൈലത്തുൽ ക്വദ്റിനെ പ്രതീക്ഷിക്കുക**

ഉയയ്നബ്നു അബ്ദുർറഹ്മാൻ(റ) തന്റെ പിതാവിൽനിന്നും നിവേദനം: ''ഞാൻ അബൂബകറയുടെ സാന്നിധ്യത്തിൽ ലൈലത്തുൽ ക്വദ്റിനെ സംബന്ധിച്ച് പറഞ്ഞു. അപ്പോൾ അബൂബകറ(റ) പറഞ്ഞു: 'അത് അവസാനത്തെ പത്തിലെ ഒറ്റ രാവിലായിരിക്കും വരികയെന്ന് നബി(സ്വ)യിൽനിന്ന് ഞാൻ കേട്ടു. അങ്ങനെ അന്നു മുതൽ ഞാനതിനെ അവസാനത്തെ പത്തിലല്ലാതെ അന്വേഷിക്കാറില്ല'' (അഹ്മദ്).

അബൂഹുറയ്റ(റ) നിവേദനം: അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: ''ആരെങ്കിലും വിശ്വാസത്തോടെ, പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ട് ലൈലത്തുൽ ക്വദ്റിൽ ക്വിയാമുല്ലൈൽ നിർവഹിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളിൽനിന്ന് പൊറുത്തു കൊടുക്കുന്നതാണ്'' (ബുഖാരി).

**ഇഅ്തികാഫ്**

ആഇശ(റ) നിവേദനം: ''നബി(സ്വ) റമദാനിലെ അവസാനത്തെ പത്തിൽ (അല്ലാഹു നബിയെ മരിപ്പിക്കുന്നതുവരെ) ഇഅ്തികാഫിരിക്കാറുണ്ടായിരുന്നു'' (ബുഖാരി, മുസ്‌ലിം).

സുന്നത്തുകൾ ധാരാളമായി നിർവഹിക്കുക

അബൂഹുറയ്റ(റ) നിവേദനം, അല്ലാഹു പറഞ്ഞതായി നബി(സ്വ) പറഞ്ഞു: ''ഞാൻ എന്റെ ദാസന് നിർബന്ധമാക്കിയ കാര്യങ്ങളെക്കാൾ എനിക്കിഷ്ടപ്പെട്ട

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ജമാഅത്തായി ഫജ്ർ നമസ്കരിക്കുകയും ശേഷം സൂര്യനുദിക്കുന്നതുവരെ അല്ലാഹുവിനെ സ്മരിച്ച് അവിടെ ഇരിക്കുകയും, ശേഷം രണ്ടു റകഅത്തു നമസ്കരിക്കുകയും ചെയ്താൽ അവന് പരിപൂർണമായ ഹജ്ജിന്റെയും ഉംറയുടെയും പ്രതിഫലം പോലെയുള്ള പ്രതിഫലം ലഭിക്കുന്നതാണ്" (തിർമിദി, അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചിരിക്കുന്നു).

മറ്റൊന്നുകൊണ്ടും അവൻ എന്നിലേക്ക് അടുത്തിട്ടില്ല. എന്റെ ഇഷ്ടത്തിനർഹനായിത്തീരുവോളം എന്റെ ദാസൻ ഐഛികമായ പുണ്യകർമങ്ങൾ വഴി എന്നിലേക്ക് അടുത്തുകൊണ്ടിരിക്കും."

അംറബ്നുൽ ജുഹനി(റ) നിവേദനം: ഒരാൾ നബി(സ്വ)ക്കരികിൽ വന്ന് പറയുകയുണ്ടായി: 'അല്ലാഹുവിന്റെ തിരുദൂതരേ, അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുകയും, അഞ്ചു നേരത്തെ നമസ്കാരം നിർവഹിക്കുകയും, സകാത്ത് നൽകുകയും, റമളാനിൽ നോമ്പനുഷ്ഠിക്കുകയും ചെയ്തു; അതു കൃത്യമായി നിലനിർത്തുകയും ചെയ്താൽ ഞാൻ ആരിൽ പെട്ടവനായിരിക്കുമെന്നാണ് താങ്കൾ പറയുന്നത്?' അപ്പോൾ റസൂലുല്ലാഹി(സ്വ) പറഞ്ഞു: 'സത്യസന്ധരിലും രക്തസാക്ഷികളിലുമായിരിക്കും' (ബസ്സാർ, ഇബ്നു ഹിബ്ബാൻ, അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചിരിക്കുന്നു).

സൂര്യനുദിക്കുന്നതുവരെ പള്ളിയിലിരിക്കുക

അനസ്(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ജമാഅത്തായി ഫജ്ർ നമസ്കരിക്കുകയും ശേഷം സൂര്യനുദിക്കുന്നതുവരെ അല്ലാഹുവിനെ സ്മരിച്ച് അവിടെ ഇരിക്കുകയും, ശേഷം രണ്ടു റകഅത്തു നമസ്കരിക്കുകയും ചെയ്താൽ അവന് പരിപൂർണമായ ഹജ്ജിന്റെയും ഉംറയുടെയും പ്രതിഫലം പോലെയുള്ള പ്രതിഫലം ലഭിക്കുന്നതാണ്" (തിർമിദി, അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചിരിക്കുന്നു).

നിഷിദ്ധങ്ങളെ തൊട്ട് കണ്ണുകൾ താഴ്ത്തുക

അല്ലാഹു പറയുന്നു: "(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും നീ പറയുക" (അന്നൂർ: 30,31).

മിതത്വം പാലിക്കുക

റമദാൻ സൽകർമങ്ങൾ ചെയ്തു മഹത്തായ പ്രതിഫലം കരസ്ഥമാക്കാനുള്ള അവസരമാണ്; ഭക്ഷണപാനീയങ്ങളിലും മറ്റും ദുർവ്യയം ചെയ്യുവാനുള്ളതല്ല. അല്ലാഹു പറയുന്നു: "നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (അൽഅഅ്റാഫ്: 31).

പശ്ചാത്താപവും പാപമോചന തേട്ടവും അധികരിപ്പിക്കുക

"സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക; നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (അന്നൂർ: 31).

"നിങ്ങൾ അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (മുസ്സമ്മിൽ: 20).

നബി(സ്വ) പറഞ്ഞു: "ജനങ്ങളേ, നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുക. ഒരുദിവസം ഞാൻ നൂറ് തവണ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നു" (മുസ്‌ലിം).

ഡോ. ടി. കെ. യൂസുഫ്
: 9349798262

# പ്രാര്‍ഥന; പ്രവാചക വചനങ്ങളില്‍

1. നബി(സ്വ) പറഞ്ഞു: "സൂക്ഷ്മതകൊണ്ട് ദൈവവിധിയെ തട്ടിമാറ്റാനാവില്ല. എന്നാല്‍ പ്രാര്‍ഥന മനുഷ്യന് വന്നിറങ്ങിയ വിധിയിലും അല്ലാത്തതിനുമെല്ലാം പ്രയോജനപ്പെടും. അതുകൊണ്ട് അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങള്‍ പ്രാര്‍ഥന അവലംബിക്കുക" (അഹ്മദ്,ത്വബ്റാനി).
2. നബി(സ്വ) പറഞ്ഞു: "അല്ലാഹു ഉദാരനും ഉത്കൃഷ്ടനുമാണ്. ഒരാള്‍ തന്റെ കരങ്ങള്‍ അവനിലേക്കുയര്‍ത്തിയാല്‍ അവയെ ശൂന്യമായും നിരാശയോടും മടക്കാന്‍ അവന്‍ ലജ്ജിക്കുന്നു'' (അഹ്മദ്, അബൂദാവൂദ്, തിര്‍മുദി, ഇബ്നുമാജ).
3. നബി(സ്വ) പറഞ്ഞു: "പ്രാര്‍ഥിക്കുന്നവര്‍ക്കെല്ലാം ഉത്തരം ലഭിക്കും. ഒന്നുകില്‍ ഇഹലോകത്തു വെച്ചുതന്നെ വേഗത്തില്‍ അവന് അതിന്റെ ഫലം ലഭിക്കും. അല്ലെങ്കില്‍ അന്ത്യദിനംവരെ അത് താമസിപ്പിച്ച് അവിടെനിന്ന് പ്രതിഫലം നല്‍കും. അല്ലെങ്കില്‍ അതുമൂലം അവന്റെ പാപങ്ങള്‍ പൊറുക്കപ്പെടും; അവന്‍ തെറ്റായ കാര്യത്തിനോ കുടുംബ ബന്ധം മുറിക്കുന്നതിനോ പ്രാര്‍ഥിക്കാത്ത കാലത്തോളം, അല്ലെങ്കില്‍ അവന്‍ 'ഞാന്‍ പ്രാര്‍ഥിച്ചു, എനിക്ക് ഉത്തരം കിട്ടിയില്ല' എന്ന് പറയാതിരിക്കുയും ചെയ്യുന്ന കാലത്തോളം" (തിര്‍മുദി).
4. നബി(സ്വ) പറഞ്ഞു: "ആപത്ഘട്ടങ്ങളിലും ദുരന്തങ്ങളിലും അല്ലാഹു പ്രാര്‍ഥനക്ക് ഉത്തരം നല്‍കുന്നത് ആരെയെങ്കിലും സന്തോഷിപ്പിക്കുന്നുണ്ടെങ്കില്‍, അവന്‍ സുഖക്ഷേമ ഘട്ടത്തില്‍ പ്രാര്‍ഥന അധികരിപ്പിക്കട്ടെ" (തിര്‍മുദി, ഹാകിം).
5. നബി(സ്വ) പറഞ്ഞു: "നിങ്ങള്‍ ആരെങ്കിലും പ്രാര്‍ഥിക്കുകയാണെങ്കില്‍ ആദ്യം അല്ലാഹുവിനെ സ്തുതിക്കട്ടെ, പിന്നെ അവനെ വാഴ്ത്തട്ടെ. പിന്നീട് എന്‍െറ മേല്‍ സ്വലാത്ത് ചൊല്ലട്ടെ. പിന്നെ അവന്‍ ഉദ്ദേശിക്കുന്നത് പ്രാര്‍ഥിച്ചു കൊള്ളട്ടെ" (അബൂദാവൂദ്, തിര്‍മുദി, ബൈഹഖി).
6. നബി(സ്വ) പറഞ്ഞു: "എന്റെയും എന്റെ കുടുബത്തിന്റെയും മേല്‍ സ്വലാത്ത് ചൊല്ലുന്നതുവരെ പ്രാര്‍ഥന അല്ലാഹുവില്‍നിന്ന് തടയപ്പെടും" (അലിയ്യില്‍ നിന്ന് അബൂശൈഖ് നിവേദനം).
7. നബി(സ്വ) പറഞ്ഞു: "നിങ്ങളാരെങ്കിലും പ്രാര്‍ഥിക്കുകയാണെങ്കില്‍ അവന്‍ തന്റെ പ്രാര്‍ഥനയുടെ മേല്‍ ആമീന്‍ ചൊല്ലട്ടെ" (അബൂഹുറയ്റയില്‍നിന്ന് ഇബ്നു അദിയ്യ് നിവേദനം).
8. നബി(സ്വ) പറഞ്ഞു: "ഒരു സംഘം ഒരുമിച്ച് കൂടുകയും അവരില്‍ ഒരു വിഭാഗം പ്രാര്‍ഥിക്കുകയും മറ്റുള്ളവര്‍ ആമീന്‍ ചെല്ലുകയും ചെയ്താല്‍ അല്ലാഹു അതിന് ഉത്തരം നല്‍കും" (ത്വബ്റാനി, ബൈഹഖി).
9. നബി(സ്വ) പറഞ്ഞു: "നിങ്ങള്‍ നിങ്ങളുടെ നന്മക്ക് വേണ്ടിയല്ലാതെ പ്രാര്‍ഥിക്കരുത്. കാരണം മലക്കുകള്‍ നിങ്ങളുടെ പ്രാര്‍ഥനക്ക് ആമീന്‍ ചൊല്ലുന്നുണ്ട്" (അഹ്മദ്, മുസ്‌ലിം).
10. നബി(സ്വ) പറഞ്ഞു: "അല്ലാഹു നല്ലവനാണ്, അവന്‍ നല്ലതല്ലാതെ സ്വീകരിക്കുകയില്ല... പിന്നീട് പറഞ്ഞു: 'ഒരാള്‍ ദീര്‍ഘമായി യാത്ര ചെയ്ത് ചടക്കുകയും പൊടി പുരളുകയും ചെയ്തിരിക്കുന്നു. അവന്‍ തന്റെ കൈകള്‍ ആകാശത്തിലേക്ക് ഉയര്‍ത്തി 'എന്റെ രക്ഷിതാവേ, എന്റെ രക്ഷിതാവേ' എന്ന് പ്രാര്‍ഥിക്കുന്നു. അവന്റെ ഭക്ഷണം നിഷിദ്ധമായതാണ്. അവന്റെ പാനീയം നിഷിദ്ധമായതാണ്. അവന്റെ വസ്ത്രം നിഷിദ്ധമായതാണ്. നിഷിദ്ധമായതിലാണ് അവന് പോഷണം നല്‍കപ്പെട്ടിട്ടുള്ളത്. പിന്നെ എങ്ങനെയാണ് അവന് ഉത്തരം നല്‍കപ്പെടുക?" (അഹ്മദ്, മുസ്‌ലിം, തിര്‍മുദി).

ആലിയ ബിൻത് ലത്തീഫ്
വടുതല



# ആയിരം രൂപയുടെ അത്ഭുതം!

കൊച്ചനുജന്റെ അസുഖത്തെപ്പറ്റി മാതാപിതാക്കൾ സംസാരിക്കുന്നത് ആയിശ കേട്ടു. എട്ട് വയസ്സുമാത്രം പ്രായമുള്ള അവൾക്ക് അനിയന് ഗുരുതരമായ എന്തോ അസുഖമാണ് എന്നല്ലാതെ മറ്റൊന്നും മനസ്സിലായില്ല. ചികിത്സക്കായി, താമസിച്ചിരുന്ന വലിയ വീട് വിറ്റു. ഇപ്പോൾ ഒരു വാടക വീട്ടിലാണ് താമസം. ഇനി വലിയയൊരു ഓപ്പറേഷൻ ചെയ്താലേ അവൻ രക്ഷപ്പെടുകയുള്ളൂ. കൈയിൽ പണമില്ല, കടം തരാനും ആരുമില്ല, എന്തെങ്കിലും അത്ഭുതം സംഭവിച്ചാലേ മോനെ രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂ എന്ന് ഉപ്പ കണ്ണീരോടെ ഉമ്മയോട് പറയുന്നത് അവൾ കേട്ടു.

ഇതുകേട്ടതോടെ അവൾ തന്റെ കിടപ്പുമുറിയിൽ ചെന്ന് അവൾ സൂക്ഷിച്ചു വെച്ചിരുന്ന പൈസപ്പാത്രം എടുത്തു.

അത് പൊട്ടിച്ച് അതിലുള്ള നാണയങ്ങളും നോട്ടുകളും എണ്ണിനോക്കി. ആയിരം രൂപയുണ്ട്. അവൾ അത് ഒരു കവറിലിട്ട് ആരും കാണാതെ പിൻവാതിലിൽകൂടി പുറത്തിറങ്ങി ഏതാനും കെട്ടിടങ്ങൾക്കപ്പുറമുള്ള മെഡിക്കൽ സ്റ്റോറിലേക്ക് നടന്നു. കീശയിൽനിന്ന് നാണയങ്ങൾ എടുത്ത് മേശപ്പുറത്ത് വെച്ചുകൊണ്ട് അവൾ കടക്കാരന്റെ മുഖത്തേക്ക് നോക്കി.

'എന്തു വേണം?' കടക്കാരൻ ചോദിച്ചു.

'എന്റെ അനിയന് എന്തോ വലിയ അസുഖമാണ്. അവനെ ചികിത്സക്കാൻ ഒരു അത്ഭുതം വേണം.'

'എന്താ വേണ്ടത്?' കടക്കാരൻ വീണ്ടും ചോദിച്ചു.

'എന്റെ അനിയന് സുഖമില്ല. ഒരു ഓപ്പറേഷൻ നടത്തണമത്രെ. എന്തെങ്കിലും അത്ഭുതംകൊണ്ട് മാത്രമെ അവനെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ എന്ന ഉപ്പ ഉമ്മയോട് പറയുന്നത് ഞാൻ കേട്ടു. ഒരു അത്ഭുതത്തിന് എന്ത് വിലയാ?'

അവളുടെ നിഷ്കളങ്കമായ ചോദ്യം കേട്ട കടക്കാരൻ ചെറുപുഞ്ചിരിയോടെ പറഞ്ഞു: 'മോളേ, ഞങ്ങൾ അത്ഭുതങ്ങൾ വിൽക്കാറില്ല.'

ഇടറുന്ന ശബ്ദത്തോടെ അവൾ വീണ്ടും പറഞ്ഞു: 'എന്റെയടുക്കൽ വാങ്ങാൻ പണമുണ്ട്. ഇത് പോരെങ്കിൽ ഇനിയും കിട്ടുമോന്ന് നോക്കാം.'

കുറച്ച് പ്രായമായ ഒരാൾ ഇതു കേട്ട് അവിടെ നിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹം ആയിശയോട് ചോദിച്ചു: 'ഏതു തരം അത്ഭുതമാണ് മോളുടെ അനിയന് വേണ്ടത്?'

"അത് എനിക്കറിയില്ല. അവന് ഒരു ഓപ്പറേഷൻ നടത്തണമെന്നൊക്കെ പറയുന്നത് കേട്ടു. എന്റെ ഉപ്പയുടെ കൈയിൽ ഒരുപാട് പൈസയില്ല. അതാണ് ഞാൻ എന്റെ കൈയിലുള്ള പൈസ കൊണ്ടുവന്നത്."

'നിന്റെ കൈയിൽ എത്രയുണ്ട്?' ആ മനുഷ്യൻ ചോദിച്ചു.

'ആയിരം രൂപ.'

'ആയിരം രൂപയാണ് കൊച്ചനിയന്മാർക്കുള്ള അത്ഭുതത്തിന്റെ ശരിയായ വില' എന്ന് അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

അദ്ദേഹം ആ പണം വാങ്ങി അവളുടെ കൈപിടിച്ചുകൊണ്ട് ചോദിച്ചു: 'നിന്റെ വീട്ടിലേക്ക് എന്നെ ഒന്ന് കൊണ്ടുപോകുമോ? എനിക്ക് നിന്റെ അനിയനെയും, ഉപ്പയെയും ഉമ്മയെയും കാണണം. നിനക്ക് വേണ്ട അത്ഭുതം എന്റെ അടുക്കൽ ഉണ്ടോ എന്ന് നോക്കട്ടെ.'

'ഞങ്ങൾക്ക് വീടില്ല. വീടൊക്കെ വിറ്റു. ഇപ്പോൾ വാടക വീട്ടിലാണ് താമസം' ആയിശ പറഞ്ഞു.

അങ്ങനെ ആയിശ അദ്ദേഹത്തെയും കൂട്ടി വീട്ടിലേക്ക് പോയി. അവിടെയെത്തിയ അദ്ദേഹം അമീറിനെ കാണുകയും അവളുടെ മാതാപിതാക്കളോട് സംസാരിക്കുകയും ചെയ്തു. കാര്യങ്ങൾ മനസ്സിലാക്കിയ അദ്ദേഹം അമീറിന്റെ ചികിത്സക്ക് വേണ്ടതെല്ലാം താൻ ചെയ്യാമെന്ന് ഉറപ്പു നൽകി. താമസിയാതെ അമീറിന്റെ ശസ്ത്രക്രിയ നടത്തി. കുറെ ദിവസങ്ങക്കു ശേഷം അവൻ സുഖം പ്രാപിച്ച് വീട്ടിലേക്ക് മടങ്ങുകയും ചെയ്തു.

ഒരു ദിവസം ആയിശയുടെ ഉമ്മയും ഉപ്പയും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഉമ്മ പറഞ്ഞു: "ആ മനുഷ്യന്റെ കാര്യം അത്ഭുതം തന്നെ. ഓപ്പറേഷന് എത്ര പൈസ ചെലവായി എന്നു പോലും നമ്മെ അറിയിച്ചില്ല." അതുകേട്ട് അടുത്ത് നിൽക്കുകയായിരുന്ന ആയിശ ചിരിച്ചുകൊണ്ട് പറഞ്ഞു:

"ഉമ്മീ എനിക്കറിയാം ആ അത്ഭുതത്തിന്റെ വില, ആയിരം രൂപയാണ്."

ഇതും പറഞ്ഞ് അവൾ റൂമിലേക്ക് ഓടിപ്പോയി. അവൾ പറഞ്ഞത് എന്താണെന്ന് മനസ്സിലാകാത്ത ഉമ്മ ആശ്ചര്യത്തോടെ ചോദിച്ചു: "ആയിരം രൂപയോ?"

ഈ ചോദ്യം കേട്ടുകൊണ്ടാണ് അമീറിനെ സന്ദർശിക്കാൻ ആ നല്ല മനുഷ്യൻ അവിടെ എത്തിയത്. അദ്ദേഹം അന്ന് സംഭവിച്ചതെല്ലാം അവർക്ക് വിവരിച്ചുകൊടുത്തു. അദ്ദേഹത്തിന്റെ ശബ്ദം കേട്ട് ആയിശ ഹാളിലേക്ക് ഓടിവന്നു. അവളെ കണ്ടതും ഉമ്മയുടെ കണ്ണുകൾ നിറഞ്ഞു. സന്തോഷം അടക്കാനാവാതെ ഉമ്മ അവളെ വാരിയെടുത്ത് ആ കുഞ്ഞുകവിളിൽ മുത്തം നൽകി. ■

സഹല ഷെറിൻ, ചെർപ്പുളശ്ശേരി
വിസ്ഡം അറബിക് അക്കാദമി
പെരിന്തൽമണ്ണ

# മനസ്സമാധാനത്തിന്റെ വഴി

തിരക്കേറിയ ജീവിതത്തിൽ വലിയ മാനസിക പിരിമുറുക്കം അനുഭവിക്കുന്ന ഒരുപാട് ആളുകളുണ്ട്. മാനസികാരോഗ്യ വിദഗ്ധരെ സമീപിക്കുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു എന്നത് ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. എന്താണ് ഇതിനു കാരണം? എന്തുകൊണ്ടാണ് മനസ്സമാധാനം നഷ്ടമാകുന്നത്? ഭൗതികമായ ഒരു ദർശനത്തിനും, ശാസ്ത്ര-സാങ്കേതിക നേട്ടങ്ങൾക്കുമൊന്നും മനുഷ്യന് മനസ്സമാധാനം നൽകാൻ സാധ്യമല്ലെന്നു വ്യക്തമാണ്. മനസ്സമാധാനം നഷ്ടപ്പെടാനും അവ പലപ്പോഴും കാരണമാകുന്നുണ്ട് എന്നതിൽ സംശയമില്ല. പലരും ശാന്തി തേടി ആത്മീയതയുടെ വഴികൾ അന്വേഷിക്കുന്നു, യഥാർഥ വഴി കണ്ടെത്തിയവർ രക്ഷപ്പെടുന്നു. അല്ലാത്തവർ കൂടുതൽ അശാന്തിയിലേക്ക് എടുത്തെറിയപ്പെടുന്നു.

അല്ലാഹു പറയുന്നു: "...ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (ക്വുർആൻ 13:28).

ഈ ആശ്വാസ വാക്കും വാഗ്ദാനവും നൽകുന്നത് പ്രപഞ്ചസ്രഷ്ടാവാണ്. തന്റെ അടിമകളെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നവൻ അവനാണല്ലോ. അല്ലാഹു അവനിലേക്ക് ഉയർത്തിയ കരങ്ങളെ തട്ടിക്കളയില്ല. ഏതൊരു പ്രശ്നവും പരിഹരിച്ചു തരാൻ കഴിവുള്ളവനാണ് അല്ലാഹു. അവനോട് ചോദിച്ചാൽ തന്നെ മനസ്സിന് കിട്ടുന്ന ആശ്വാസം ചെറുതല്ല.

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (40:60).

അല്ലാഹുവിൽ ഭരമേൽപിച്ചാൽ നാം പിന്നീട് ഭയപ്പെടേണ്ടതുണ്ടോ? അവൻ നാം ചോദിക്കുന്ന ഉടനെ നമുക്ക് ഉത്തരം തന്നുകൊള്ളണമെന്നില്ല. അക്കാര്യം നബി(സ്വ) നമ്മെ അറിയിച്ചിട്ടുണ്ട്. നമുക്ക് ഏതാണു ഗുണകരം എന്ന് വ്യക്തമായി അറിയുക അല്ലാഹുവിനാണല്ലോ. മനസ്സമാധാനത്തിന്റെ വഴി നബി(സ്വ) വിവരിച്ചുതരുന്നത് കാണുക:

അബ്ദുല്ലാഹിബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം, അദ്ദേഹം പറയുന്നു: "പ്രവാചകന്റെ പിന്നിലായിരിക്കെ ഒരു ദിവസം അവിടുന്ന് എന്നോട് പറഞ്ഞു: 'അല്ലയോ കുട്ടീ, നിനക്ക് ഞാൻ ചില വാചകങ്ങൾ പഠിപ്പിച്ചുതരട്ടെയോ: നീ അല്ലാഹുവിനെ സൂക്ഷിക്കുക, എന്നാൽ അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. നീ അല്ലാഹുവിനെ സൂക്ഷിച്ചാൽ നിനക്കവനെ നിന്റെ മുമ്പിൽ കാണാവുന്നതാണ്. നീ വല്ലതും ചോദിച്ചാൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക. നീ മനസ്സിലാക്കുക: ലോകത്തുള്ള മുഴുവനാളുകളും ഒരുമിച്ച് നിനക്ക് വല്ല ഉപകാരവും ചെയ്യുവാൻ ഉദ്ദേശിച്ചാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ ഒന്നും സംഭവിക്കുകയില്ല, അതുപോലെ നിനക്ക് വല്ല ഉപദ്രവം വരുത്താൻ അവർ മുഴുവനും ഒരുമിച്ചാലും നിനക്ക് അല്ലാഹു വിധിച്ചതല്ലാതെ ഒരു ഉപദ്രവത്തിനും അവർക്ക് സാധ്യമല്ല തന്നെ. പേനകൾ ഉയർത്തപ്പെടുകയും പേജുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു" (തിർമിദി).



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

# രണ്ടാം പതിപ്പ്
# പുറത്തിറങ്ങി




## സ്വഹാബികളുടെ സഹചാരികൾ

(2 വാല്യങ്ങൾ)

**അബ്ദുൽ ജബ്ബാർ അബ്ദുല്ല മദിനി**




**1000 രൂപ വില വരുന്ന പുസ്തകം ഇപ്പോൾ**

**വെറും 600 രൂപക്ക്**

നിങ്ങളുടെ കോപ്പികൾ ഇപ്പോൾ തന്നെ ഉറപ്പാക്കൂ


**WISDOM BOOKS AND PUBLICATIONS**

CV Complex, PV Swami Road, Chalappuram, Kozhikode 673002.

Mob: +91 7356766478 www.wisdombooksonline.com

WISDOM BOOKS

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
08 March 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-


# ബ്ലോക്ക് മാറി ജീവിതം എളുപ്പമായി

## ലേസർ ആൻജിയോപ്ലാസ്റ്റിയിലൂടെ



ഹൃദയ പരിചരണത്തിന് നോർത്ത്
കേരളത്തിൽ ആദ്യമായി ലേസർ
ആൻജിയോപ്ലാസ്റ്റി അവതരിപ്പിച്ച് MICC.
പത്ത് വർഷത്തിലധികമായി നിരവധി
സങ്കീർണ്ണമായ ഹൃദയ ശസ്ത്രക്രിയകൾ
വിജയകരമായി പൂർത്തീകരിച്ചിട്ടുള്ള
**മെട്രോമെഡ് ഇന്റർനാഷണൽ**
**കാർഡിയാക് സെന്റർ**
മറ്റൊരു സുപ്രധാന ചുവടുവെപ്പ്
കൂടി നടത്തുകയാണ്. സങ്കീർണ്ണത
വളരെ കുറഞ്ഞ ഈ പ്രൊസീജിയർ
വളരെ ചുരുങ്ങിയ സമയം കൊണ്ട്
പൂർത്തിയാക്കാൻ സാധിക്കും.
ഒപ്പം വിജയസാധ്യത വളരെ
കൂടുതലായതിനാൽ ഹൃദ്രോഗ
ചികിത്സയിൽ ഒരു വലിയമാറ്റം തന്നെ
ലേസർ ആൻജിയോപ്ലാസ്റ്റി സൃഷ്ടിക്കും.



Philips Laser System — Nexcimer

trueberry.in

**METROMED INTERNATIONAL CARDIAC CENTRE**

THONDAYAD BYPASS ROAD, CALICUT, KERALA. Pin 673014 PH: 0495 6615555 | 8943083444 | 9048884441 | www.micc.in micc india

OUR CENTERS - THALASSERY | TIRURANGADI | KALPATTA | MALAPPURAM | CHAVAKKAD | MANJERI | THRISSUR | KODUNGALLUR | FEROKE

MICC
all about heart